# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.12/223/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.12/223/2022 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 17-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-02-2022 | 17-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് . എസ് , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ബീന എ. ഡി ( അസി.ഓഡിറ്റ് ഓഫീസർ)
ശ്രീ. ശ്രീകാന്ത് സി .എസ് ( അസി.ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ജാക്വലിൻ പി .ഡബ്ളിയു ( സീനി.ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലീലാമ്മ ആന്റണി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ പി അജയകുമാർ | സെക്രട്ടറി | 01-04-2019 | 04-08-2019 |
| ശ്രീമതി ജ്യോതി രശ്മി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-08-2019 | 22-08-2019 |
| ശ്രീ പി അജയകുമാർ | സെക്രട്ടറി | 23-08-2019 | 05-11-2019 |
| ശ്രീമതി ജ്യോതി രശ്മി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-11-2019 | 05-01-2020 |
| ശ്രീ പി അജയകുമാർ | സെക്രട്ടറി | 06-01-2020 | 04-03-2020 |
| ശ്രീമതി ജ്യോതി രശ്മി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-03-2020 | 19-03-2020 |
| ശ്രീ പി അജയകുമാർ | സെക്രട്ടറി | 20-03-2020 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റോസ്മി ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ നസിയ കെ സലിം | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ മേഴ്സി ജോസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ മേരി ലിസ്സി | വെറ്റിനറി സർജ്ജൻ | 01-04-2019 | 08-08-2019 |
| ഡോ സ്മിതാ ജെ അഗസ്റ്റിൻ | വെറ്റിനറി സർജ്ജൻ | 09-08-2019 | 31-03-2020 |
| ശ്രീമതി ധന്യ ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീല എസ് | പ്രധാന അധ്യാപിക ഗവ.എൽ പി എസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി പ്രസീജ ആർ | അസി.എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീ തോമസ് ഡിക്രൂസ് | അസി.എഞ്ചിനീയർ | 18-07-2019 | 21-07-2019 |
| ശ്രീമതി ചിത്ര എസ് | അസി.എഞ്ചിനീയർ | 22-07-2019 | 21-11-2019 |
| ശ്രീ തോമസ് ഡിക്രൂസ് | അസി.എഞ്ചിനീയർ | 22-11-2019 | 03-12-2019 |
| ശ്രീമതി സബിത | അസി.എഞ്ചിനീയർ | 04-12-2019 | 09-01-2020 |
| ശ്രീമതി ദീപ്തി ജി | അസി.എഞ്ചിനീയർ | 10-01-2020 | 31-03-2020 |
| ശ്രീമതി സുജ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( തൈക്കൽ ) | 01-04-2019 | 31-03-2020 |
| ശ്രീമതി വിലാസിനി പി സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ( അർത്തുങ്കൽ ) ) | 01-04-2019 | 31-03-2020 |
| ശ്രീമതി ഇന്ദുലേഖ എൻ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( അരീപ്പറമ്പ് ) | 01-04-2019 | 31-03-2020 |
| ശ്രീമതി സലില എം | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി ലീന ഡെന്നീസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ ഷാജി എസ് | അസി.സെക്രട്ടറി | 01-04-2019 | 21-07-2019 |
| ശ്രീമതി ജ്യോതി രശ്മി | അസി.സെക്രട്ടറി | 22-07-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Jaquiline P.W (Senior Grade Auditor, On 14-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-1 |
| 2 | ബജറ്റ്- അപാകതകൾ<br>Written By: S.Suresh (Audit Officer (HG), On 17-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 17-02-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Jaquiline P.W (Senior Grade Auditor, On 18-02-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 18-02-2022) | 1-2 |
| 4 | വാർഷിക കണക്ക് - ന്യൂനതകൾ<br>Written By: A.D.Beena (Asst. Audit Officer, On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jaquiline P.W (Senior Grade Auditor, On 14-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)<br>Written By: Jaquiline P.W (Senior Grade Auditor, On 14-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Jaquiline P.W (Senior Grade Auditor, On 15-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jaquiline P.W (Senior Grade Auditor, On 15-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Jaquiline P.W (Senior Grade Auditor, On 18-02-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 18-02-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Jaquiline P.W (Senior Grade Auditor, On 15-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Jaquiline P.W (Senior Grade Auditor, On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-9 |
| 12 | ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല<br>Written By: A.D.Beena (Asst. Audit Officer, On 17-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 18-02-2022) | 1-10 |
| 13 | തനത് ഫണ്ട് അക്കൗണ്ടിൽ ചെക്ക്/ഡിഡി പ്രകാരം വന്ന വരവ് ക്രഡിറ്റ് ചെയ്യിട്ടില്ല - 13184 രൂപ യുടെ നഷ്ടം<br>Written By: Jaquiline P.W (Senior Grade Auditor, On 16-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-11 |
| 14 | തെറ്റായനികുതി നിരക്ക് - വസ്തുനികുതി ഈടാക്കിയതിൽ 2829 /- രൂപ കുറവ്<br>Written By: Jaquiline P.W (Senior Grade Auditor, On 16-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-12 |
| 15 | രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നില്ല.<br>Written By: Jaquiline P.W (Senior Grade Auditor, On 17-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-13 |
| 16 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 17-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-14 |
| 17 | തറവിസ്തീർണ്ണത്തിന് അനുപാതികമായി നികുതി നിർണ്ണയിച്ചില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 17-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-15 |
| 18 | വസ്തുനികതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 17-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-16 |
| 19 | സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു.<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-17 |
| 20 | നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-18 |
| 21 | സംയുക്ത പരിശോധന പൂർത്തിയാക്കി ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതാണ്.<br>Written By: A.D.Beena (Asst. Audit Officer, On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 18-02-2022) | 1-19 |
| 22 | സ്ട്രീറ്റ് ലൈൻ നീട്ടൽ- പ്രവൃത്തി ആരംഭിച്ചിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-20 |
| 23 | ലൈഫ് - മുൻകൂർ കൈപ്പറ്റിയെങ്കിലും വീട് പണി ആരംഭിച്ചിട്ടില്ല.<br>Written By: Sreekanth C.S (Asst. Audit Officer, On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-21 |
| 24 | ന്യൂടിമിക്സിന് ജി എസ് ടി ഈടാക്കി<br>Written By: Jaquiline P.W (Senior Grade Auditor, On 17-02-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 17-02-2022) | 1-22 |
| 25 | സാമൂഹ്യസുരക്ഷാപെൻഷൻ -മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൌണ്ട് സസ്പെന്റ് ചെയ്യുന്നതിന് മുൻപ് ബാങ്കുകൾക്ക് അനുവദിച്ച തുക തിരികെ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 17-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-23 |
| 26 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത്ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നില്ല. | 1-24 |

| | | |
|---|---|---|
| | Written By: Sreekanth C.S (Asst. Audit Officer, On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | |
| 27 | ടാർവീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-25 |
| 28 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-താരിഫ് സംബന്ധമായ പരിശോധനകൾ നടത്തുന്നില്ല.<br>Written By: Sreekanth C.S (Asst. Audit Officer, On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-26 |
| 29 | ഇ-ടെന്റർ ഫീസ് തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-27 |
| 30 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-28 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലനം<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-29 |
| 32 | തൊഴിലുറപ്പുപദ്ധതി-ആദായ നികുതി ,GST എന്നിവ ശ്രോതസിൽ നിന്നും ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-30 |
| 33 | കണ്ണംപറമ്പ് ഭാഗം തെങ്ങിൻ തൈ നഴ്സറി - തൊഴിൽ ദിനങ്ങൾ കൂടുതലായി അനുവദിച്ചു.<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-31 |
| 34 | ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കാനിടയായി.<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-32 |
| 35 | ഐശ്വര്യ ഗ്രൂപ്പിന് തെങ്ങിൻ തൈ നഴ്സറി - കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കാനിടയായി.<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-33 |
| 36 | അറവുകാട് ഭാഗം തെങ്ങിൻതൈ നേഴ് സറി -കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കാനിടയായി.<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-34 |
| 37 | കോവിഡ് പ്രതിരോധ പ്രവർത്തനം<br>Written By: A.D.Beena (Asst. Audit Officer, On 17-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 1-35 |
| | ഭാഗം **2** | |
| 1 | തനത് ഫണ്ട് അക്കൗണ്ടിൽ ചെക്ക്/ഡിഡി പ്രകാരം വന്ന വരവ് ക്രഡിറ്റ് ചെയ്യിട്ടില്ല - 13184 രൂപ യുടെ നഷ്ടം<br>Written By: Jaquiline P.W (Senior Grade Auditor, On 24-03-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 2-1 |
| | ഭാഗം **3** | |
| 1 | സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു.<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: S.Suresh (Audit Officer (HG), On 18-02-2022) | 3-1 |
| 2 | തൊഴിലുറപ്പുപദ്ധതി-ആദായ നികുതി ,GST എന്നിവ ശ്രോതസിൽ നിന്നും ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jaquiline P.W (Senior Grade Auditor, On 15-02-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 15-02-2022) | 4-1 |
| 2 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jaquiline P.W (Senior Grade Auditor, On 15-02-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 15-02-2022) | 4-3 |
| 3 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jaquiline P.W (Senior Grade Auditor, On 15-02-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 15-02-2022) | 4-4 |
| 4 | സ്ഥിര നിക്ഷേപം<br>Written By: Jaquiline P.W (Senior Grade Auditor, On 15-02-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 15-02-2022) | 4-5 |
| 5 | ഓഡിറ്റ് റിക്കവറി<br>Written By: Jaquiline P.W (Senior Grade Auditor, On 16-02-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 16-02-2022) | 4-6 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jaquiline P.W (Senior Grade Auditor, On 16-02-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 16-02-2022) | 4-7 |
| 7 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jaquiline P.W (Senior Grade Auditor, On 16-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 4-8 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jaquiline P.W (Senior Grade Auditor, On 18-02-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 25-03-2022) | 4-9 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 16-02-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 16-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2019-20 വർഷത്തെ ബജറ്റ് 28.2.2019 ലെ 1(1)തീരുമാന പ്രകാരം അംഗീകരിച്ചു. 28.02.2020ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| റിവൈസ്ഡ് ബജറ്റ് പ്രകാരം | 453997767 | 450828044 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക) | 199314912 | 202192840 |

### 1-1-1 ബജറ്റ്- അപാകതകൾ

1.തദ്ദേശ സ്വയം ഭരണ വകപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയിട്ടില്ല.

3.ബജറ്റിൽ തുക വകയിരുത്താതെ /വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് നടത്തി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(6), ബജറ്റ് മാന്വലിലെ ഖണ്ഡിക 4.1 എന്നിവ പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കാൻ പാടില്ല. എന്നാൽ ചേർത്തല സൗത്ത് ഗ്രാമ പഞ്ചായത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും/മതിയായ തുക ഉൾപ്പെടുത്താത്തതുമായ ഇനങ്ങൾക്ക് തുക ചെലവഴിച്ചു.

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 2501039 | മൃഗസംരക്ഷണം- പശ്ചാത്തല സൌകര്യങ്ങൾ | - | 150000 | തുക വകയിരുത്തിയിട്ടില്ല |
| 2 | 2501037 | മൃഗസംരക്ഷണം- താറാവ് കൃഷി | - | 140500 | തുക വകയിരുത്തിയിട്ടില്ല |
| 3 | 2501031 | മൃഗസംരക്ഷണം- പശു വളർത്തൽ | 150000 | 1461250 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2501041 | മൃഗസംരക്ഷണം- അനുബന്ധസൗകര്യങ്ങൾ | - | 1100000 | തുക വകയിരുത്തിയിട്ടില്ല |
| 4 | 2531001 | കുടിവെള്ളം- അനുബന്ധപ്രൊജക്റ്റുകൾ | 865200 | 2044850 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 2552008 | റോഡിതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ ആശുപത്രി/ഡിസ്പെൻസറി - ഹോമിയോപ്പതി | - | 300000 | തുക വകയിരുത്തിയിട്ടില്ല |
| 6 | 2552016 | റോഡിതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ- മറ്റ് ഘടക സ്ഥാപനങ്ങൾ | - | 347782 | തുക വകയിരുത്തിയിട്ടില്ല |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 19.05.2020 | ഇല്ല | ഇല്ല |

### 1-2-1 വാർഷിക കണക്ക് - ന്യൂനതകൾ

1) 2019-20 വാർഷിക കണക്ക് ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Maintenance Fund-Road Assets എന്നയിനത്തിൽ ചെലവ് 1451881/- രൂപയാണ്.ഈ ഇനത്തിലെ Capital Contribution ചെലവ് 17859/-രൂപയാണ്.

ആയത് പ്രകാരം 1451881+1785997=3237878/-രൂപ.എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരവും,വാർഷിക കണക്ക് RP-7 പ്രകാരവും ഈ ഇനത്തിലുള്ള ചെലവ് 3282315/--രൂപയാണ്. വ്യത്യാസം 44437/-രൂപ. 16.8.19 ൽ പേമെന്റ് ഓർഡർ 51900444 തയ്യാറാക്കുന്ന സമയത്ത് ഉണ്ടായ ക്ളറിക്കൽ മിസ്റ്റേക്ക് മൂലമാണ് ഇങ്ങനെ വ്യത്യാസം ഉണ്ടായത്.

2) ACR പ്രകാരം Maintenance FundRoad Assets ഇനത്തിൽ ചെലവ് 3849218/-രൂപ. വാർഷിക കണക്ക് RP7 പ്രകാരം 32823/-രൂപ. 566903/- രൂപയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടാഞ്ഞത്, എസ്.എൻ.ബീച്ച് റോഡ് റീ ടാറിംഗ്,വാർഡ്-19 എന്ന പ്രോജക്ടിന്2019-20 ൽ അലോട്ട്മെന്റായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുകയും ട്രഷറിയിൽ BDS ആയി സബ്മിറ്റ് ചെയ്തെങ്കിലും ബിൽ പാസായില്ല.അലോട്ട്മെന്റ് നൽകിയപ്പോൾ തന്നെ ACR ൽ 566903/- രൂപ ചെലവായി ഉൾപ്പെടുത്തിയതുമൂലമാണ് ഇത് സംഭവിച്ചത്. ബിൽ മാറുന്ന മുറയ്ക്ക് മാത്രം ACR ൽ ചെലവ് രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3) ACR പ്രകാരം Development Fund- Central Finance Commission Grant ഇനത്തിൽ ചെലവ് 10775458/-രൂപ. വാർഷിക കണക്ക് RP7 പ്രകാരം10177358/-രൂപ. 598100/- രൂപയുടെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടാഞ്ഞത്, ആന്റണി സെബസ്റ്റ്യൻബീച്ച് റോഡ്

മെറ്റലിംഗ് &ടാറിംഗ്,വാർഡ് 19 എന്ന പ്രോജക്റ്റിന് 2019-20 ൽ അലോട്മെന്റായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുകയും ട്രഷറിയിൽ BDS ആയി സബ്മിറ്റ് ചെയ്തെങ്കിലും ബിൽ പാസായില്ല. ബിൽനൽകിയപ്പോൾ തന്നെ ACR ൽ 598100/- രൂപ ചെലവായി ഉൾപ്പെടുത്തിയതുമൂലമാണ് ഇത് സംഭവിച്ചത്. ബിൽ മാറുന്ന മുറയ്ക്ക് മാത്രം ACR ൽ ചെലവ് രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

4) വാർഷിക കണക്ക് പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവു കണക്കുകളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിവിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് റിപ്പോർട്ട് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും പൊരുത്തപ്പെടുന്നില്ല.

5) വസ്തുനികുതി കളക്ഷൻതുക വാർഷിക കണക്കും സഞ്ചയ റിപ്പോർട്ടും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| സഞ്ചയ റിപ്പോർട്ടിലെ തുക | | വാർഷികകണക്കിലെ തുക(RP-43) | |
|---|---|---|---|
| Residential | Non Residential | Residential | Non Residential |
| 1594221 | 1226167 | 1592311 | 1217739 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 60966444 |
| വരവ് | 112058073 |
| ആകെ | 173024517 |
| ചെലവ് | 139241960 |
| നീക്കിയിരിപ്പ് | 33782557 |
| വരവിനങ്ങളിലെ നഷ്ടം | 13184 |
| ചെലവിനങ്ങളിലെ നഷ്ടം | 00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3855210 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

ഫണ്ട് വിനിയോഗം (എസിആർ പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ്ഡ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 22269530 | 22269530 | 17730602 | 4538928 |
| വികസനഫണ്ട് എസ്.സി.പി. | | 5357000 | 5357000 | 3630720 | 1726280 |
| വികസനഫണ്ട് ടി.എസ്.പി. | | 531000 | 531000 | 429938 | 101062 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 6644000 | 6644000 | 4457365 | 2186635 |
| സംരക്ഷണഗ്രാന്റ് റോഡ് | | 7856000 | 7856000 | 3849218 | 4006782 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 17389287 | 17389287 | 10775458 | 6613829 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 246207325 | 65 | 116983108 | 38 | 70 | 37.57 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6930 | 1787347 | 1787347 | 1764697 | 22650 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 74519117 | 74519117 | 74519117 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 313380 | 176 |
| കർഷകതൊഴിലാളി പെൻഷൻ | 3184800 | 545 |
| വിധവാപെൻഷൻ | 5294400 | 955 |
| വാർദ്ധക്യകാലപെൻഷൻ | 11425500 | 2435 |
| വികലാംഗപെൻഷൻ | 3097700 | 512 |
| അവിവാഹിത പെൻഷൻ | 1069200 | 187 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന , 08.02.22 3pm-ന് നടത്തുകയുണ്ടായി. പരിശോധനയിൽ 6837/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് ഉടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.

2. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.

3.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4.സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

7.തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 2.77 കോടി രൂപ പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്(തിരികെ ലഭിക്കുന്ന 10% തുക കിഴിച്ച്). ഗ്രാമ പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 5499830 |
| വികസന ഫണ്ട് എസ്.സി.പി. | 2688329 |
| വികസന ഫണ്ട് ടി.എസ്.പി | 202412 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 6063685 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 3485635 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9782642 |
| ആകെ | 27722533 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്നിരിക്കെ (തിരികെ ലഭിക്കുന്ന 10% തുക കിഴിച്ച്) പദ്ധതി പണം ചെലവഴിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തുന്നില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു.2018-19 സാമ്പത്തിക വർഷം 1.51കോടി രൂപയും ഇതുപോലെ പഞ്ചായത്തിന് നഷ്ടപ്പെട്ടിരുന്നു. ഫണ്ട് വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 തനത് ഫണ്ട് അക്കൗണ്ടിൽ ചെക്ക്/ഡിഡി പ്രകാരം വന്ന വരവ് ക്രഡിറ്റ് ചെയ്യ്തിട്ടില്ല - 13184 രൂപ യുടെ നഷ്ടം

2019 മുതൽ 2021 വരെയുള്ള ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ നിന്നും രസീത് നൽകി സ്വീകരിച്ചതും എന്നാൽ ബാങ്കിൽ നൽകിയിട്ടും തുക ക്രഡിറ്റ് ചെയ്യാത്തതുമായ ചെക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിലേക്ക് വരവ് വന്ന തുകയാണ് ചുവടെചേർത്തിരിക്കുന്ന ചെക്കിൽ ഉൾപ്പെട്ടിട്ടുള്ളത്. 21/427 കെട്ടിട നം ആയ റിലയൻസ് ഇൻഫ്രാ ലിമിറ്റഡ് ടവറിന്റെ വസ്തുനികുതി ഇനത്തിൽ വരവ് വന്ന തുകയാണിത്.

| ക്രമ നം | ബാങ്കിൽ നൽകി ക്രഡിറ്റ് ആക്കാത്ത ചെക്ക്, ഡി.ഡി നമ്പർ/ തീയതി | തുക | ഇനവിവരം |
|---|---|---|---|
| 1 | 311892/16.03.21 | 13184 | മാനേജർ റിലയൻസ് ടവ്വർ വസ്തുനികുതി |

മേൽ ചെക്ക് തനത് ഫണ്ട് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ രേഖാ മൂലം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.7/11.2.22 ) ലഭ്യമാക്കിയ മറുപടിയിൽ 27.03.2021 ൽ 1200102746 / 16.03.21നം. രസീത് പ്രകാരം, ചെക്ക് പ്രകാരം വരവ് വന്ന തുക സഞ്ചയയിൽ പോസ്റ്റിംഗ് ചെയ്തിട്ടുള്ളതാണെന്നും തുടർന്ന് ബാങ്കിൽ സബ്മിറ്റ് ചെയ്തെങ്കിലും ബാങ്കിൽ നിന്നും ഡി.ഡി റിജക്റ്റ് ചെയ്യുകയുണ്ടായെന്നും ,കോവിഡിനെ തുടർന്ന് ബാങ്കിൽ നിന്ന് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം മൂലം 7/21 ൽ മാത്രമാണ് പ്രസ്തുത വിവരം അറിഞ്ഞതെന്നും ,തുടർന്ന് നികുതി ഒടുക്കാൻ ആവശ്യപ്പെട്ട് സ്ഥാപനത്തിന് കത്ത് നൽകിയെന്നും അറിയിക്കുകയുണ്ടായി. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ടവറിന്റെ 19-20 വർഷത്തെ വസ്തുനികുതി ഒടുക്കിയതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ഡി.ഡി ക്രഡിറ്റ് ആകാത്തതിനെ തുടർന്ന് പ്രസ്തുത തുക അരിയർ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല .ആകയാൽ വരവായി രേഖപ്പെടുത്തിയെങ്കിലും നാളിതുവരെയും നികുതി ഒടുക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ വസ്തു നികുതി ഇനത്തിൽ സ്ഥാപനം ഒടുക്കേണ്ട 13184 / -രൂപയും നാളിതുവരെയുള്ള പലിശയും ചേർത്തുള്ള തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തെറ്റായനികുതി നിരക്ക് - വസ്തുനികുതി ഈടാക്കിയതിൽ 2829 /- രൂപ കുറവ്

സരള ,അനുരാജ് , അനുരാജ് ഭവൻ എന്നിവരുടെ പേരിലുള്ളതും 110 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തിന് VI/154 A മുതൽ F വരെയുള്ള നമ്പരുകൾ നൽകി വസ്തുനികുതി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തെ 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ ,റസ്റ്റോറന്റുകൾ ഷോപ്പുകൾ , ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് .എന്നാൽ 110 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ ,റസ്റ്റോറന്റുകൾ ഷോപ്പുകൾ , ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തി വേണമായിരുന്നു നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. തെറ്റായ നികുതി കണക്കാക്കലിലൂടെ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും മേൽവിലാസവും | വാർഡ്/ കെട്ടിട നം. | തറ വിസ്തീർണ്ണം ($M^2$) | അടിസ്ഥാന വസ്തു നികുതി ($M^2$ ന് 40/- രൂപ നിരക്കിൽ ഈടാക്കിയത് ് ) | ഈടാക്കേണ്ട വസ്തു നികുതി | ഈടാക്കിയ വസ്തു നികുതി | കുറവ് |
|---|---|---|---|---|---|---|
| സരള കെ.കെ അനുരാജ്അനുരാജ് ഭവൻ,കറുപ്പൻകളങ്ങര | 6/154 A | 19 M2 | 19*40 – 760<br>വഴി സൌകര്യം - *20%- 152<br>ലൈബ്രറി സെസ് - 46<br>ആകെ - 958 | അടിസ്ഥാന വസ്തുനികുതി 60- 19*60 = 1140/-<br>വഴി സൌകര്യം - *20% = 228<br>ലൈബ്രറി സെസ് - 68<br>ആകെ - 1436 | 958 /- | 478 |
| 2 | 6/154 B | 18 M2 | 18*40 – 720<br>വഴി സൌകര്യം - *20%- 144<br>ലൈബ്രറി | അടിസ്ഥാന വസ്തുനികുതി 60- 18*60 = 1080/-<br>വഴി | 908 /- | 456 |

| | | | | | | |
|---|---|---|---|---|---|---|
| | | | സെസ് - 44<br>ആകെ - 908 | സൗകര്യം - *20% = 216/<br>ലൈബ്രറി സെസ് - 68<br>ആകെ - 1364 | | |
| 3. | 6/154 C | 18 M2 | 18*40 – 720<br>വഴി സൗകര്യം - *20%- 144<br>ലൈബ്രറി സെസ് - 44<br>ആകെ - 908 | അടിസ്ഥാന വസ്തുനികുതി 60- 18*60 = 1080/-<br>വഴി സൗകര്യം - *20% = 216/<br>ലൈബ്രറി സെസ് - 68<br>ആകെ - 1364 | 908 /- | 456 |
| 4 | 6/154 D | 16 M2 | 16 *40 – 640<br>വഴി സൗകര്യം - *20%- 128<br>ലൈബ്രറി സെസ് - 38<br>ആകെ - 806 | അടിസ്ഥാന വസ്തുനികുതി 60- 16 *60 = 960/-<br>വഴി സൗകര്യം - *20% = 192/<br>ലൈബ്രറി സെസ് -58<br>ആകെ - 1210 / | 806/- | 404 |
| 5 | 6/154 E | 20m2 | 20*40 – 800<br>വഴി സൗകര്യം - *20%- 160<br>ലൈബ്രറി സെസ് - 48<br>ആകെ - 1008 | അടിസ്ഥാന വസ്തുനികുതി 20 *60 = 1200 /-<br>വഴി സൗകര്യം - *20% = 240/<br>ലൈബ്രറി സെസ് -72<br>ആകെ - 1512 / | 1008 | 504 |
| 6 | 6/154 F | 21 M2 | 21 *40 – 840<br>വഴി സൗകര്യം - *20%- 168<br>ലൈബ്രറി സെസ് - 50<br>ആകെ - 1058 | അടിസ്ഥാന വസ്തുനികുതി 21 *60 = 1260 /-<br>വഴി സൗകര്യം - *20% = 252 /<br>ലൈബ്രറി സെസ് -77<br>ആകെ - 1589 / | 1058 | 531 |
| | ആകെ | | | 8475 | 5646 | 2829 |

മേൽ കണക്കുകൾ പ്രകാരം വസ്തുനികുതി ഈടാക്കിയതിൽ 2829 /- രൂപ കറവ് വന്നിട്ടുണ്ട് . ഈ അപാകതയ്ക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/11.02.22) ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചു.ആകയാൽ വസ്തു നികുതി പുനർ നിർണ്ണയിച്ച് പുതുക്കിയ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

രസീതുബുക്കുകളിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന രസീതുകൾ സെക്രട്ടറിയുടെ/ബന്ധപ്പെട്ട മേലുദ്യോഗസ്ഥരുടെ അംഗീകാരം ഇല്ലാതെയും വ്യക്തമായ കാരണം രേഖപ്പെടുത്താതെയും ക്യാൻസൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടു. കൂടാതെ ചില രസീതുകൾ ഉപയോഗിച്ചിട്ടില്ലായെങ്കിലും ആയത് ക്യാൻസൽ ചെയ്യാതെയും, കാരണം രേഖപ്പെടുത്താതെയും സൂക്ഷിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് ബുക്കനമ്പർ | രസീത് നമ്പർ | തുക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 27228 | 51 | ലൂസിത മാത്തിൽ 1187/- | സെക്രട്ടറി/ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | 58694 | 11 | ബാബു പി പി പുത്തൻപുരയ്ക്കൽ 133/- | സെക്രട്ടറി/ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 3. | 58657 | 92 | കുഞ്ഞുമോന് | രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് |

| | | | | |
|---|---|---|---|---|
| | | | പാണാപറമ്പ് 13/- | കക്ഷിക്ക് കൊടുത്തിട്ടില്ല |
| 4. | 27224/ | 25 | ജോസി പുന്നയ്ക്കൽ 3780/- | സെക്രട്ടറി/ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 5 | 27224 | 29 | വിക്ടർ ഫ്രാൻസീസ് 504 /- | സെക്രട്ടറി/ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 6. | 27218 | 60 | സുമ മുല്ലപ്പള്ളിവെളി 682/- | സെക്രട്ടറി/ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

A. ഉപയോഗിക്കാതെ ശേഷിച്ച രസീതുകൾ യഥാവിധി ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പണം പിരിവിനായി ഇഷ്യു ചെയ്തിരുന്ന രസീതുബുക്കുകളിൽ ഉപയോഗിക്കാതെ ശേഷിച്ച താഴെ ചേർക്കുന്ന രസീതുകൾ നിയമാനുസൃതം ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു.

A .58671 നം രസീത് ബുക്കിൽ 88-ാം നം രസീത് വരെ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് .ബാക്കിയുള്ള രസീതുകൾ ഉപയോഗിക്കാതെ അടുത്ത രസീത് ബുക്ക് എടുത്തിട്ടുണ്ട്.

B .58664 നം രസീത് ബുക്കിൽ 60 വരെ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് .

ഈ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/11.02.22) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളിലും കാരണം വ്യക്തമാക്കി മേലധികാരികൾ സാക്ഷ്യപ്പെടുത്തേണ്ടതും ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ഇല്ലായെങ്കിൽ ആയത് ദുരുപയോഗം ചെയ്യപ്പെടും. മേലധികാരികൾ ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-14 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 19-20 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

1.ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ

2. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ

3.വെറ്ററിനറി ഡിസ്പെൻസറിയിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി

4.സബ് പോസ്റ്റോഫീസ് കറുപ്പൻകുളങ്ങര ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി

5.വില്ലേജ് ഓഫീസ് അർത്തുങ്കൽ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി

6.ക്ഷീരപദ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി

മേൽ ചൂണ്ടിക്കാട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/14.02.22) മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 തറവിസ്തീർണ്ണത്തിന് അനുപാതികമായി നികുതി നിർണ്ണയിച്ചില്ല

2019- 20 വർഷം കെട്ടിടനമ്പർ നൽകിയ പുതിയ കെട്ടിടങ്ങളുടെ ഫയൽ പരിശോധിച്ചതിൽ വി.ഡി.പ്രസാദ്, ഗീതുഭവനം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വ്യവസായികആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഓഫീസ് കെട്ടിടത്തിന് നമ്പർ നൽകി നികുതി അസ്സസ്സ് ചെയ്തിട്ടുണ്ട് . ഫയലിൽ ലഭ്യമായ കെട്ടിട പ്ലാനിൽ ചേർത്തിരിക്കുന്ന എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ തറവിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

എക്സിസ്റ്റിംഗ് ബിൽഡിംഗ് 1 – 241.60m2

എക്സിസ്റ്റിംഗ് ബിൽഡിംഗ് 2 – 790 M2

എക്സിസ്റ്റിംഗ് ടോയിലറ്റ് -5.28 M2

എക്സിസ്റ്റിംഗ് സെക്യൂരിറ്റി റൂം - 5.09 M2

ഓഫീസ് ബിൽഡിംഗ് - 66.96 M2

ആകെ ഏരിയ – 1108 .93m2

എന്നാൽ ഇത് സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള തറവിസ്തൂർണ്ണത്തിനാണ് കെട്ടിട നമ്പർ നൽകിയിട്ടുള്ളത് .

8/511 – 525m2

8/511A – 66.96 M2

8/512 – 85 M2

8/513 – 240 M2

ആകെ ഏരിയ - 1012 M2

കുറവ് -96 M2

കുറവ് വന്ന 96 M2 ന് ഏതെങ്കിലും കെട്ടിടനമ്പർ നൽകി നികുതി ഈടാക്കുന്നുണ്ടെങ്കിൽ ആ വിവരം പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 5/17.02.20 ) ലഭ്യമാക്കിയ മറുപടിയിൽ ആകെ വിസ്തീർണ്ണവും എക്സിസ്റ്റിംഗ് കെട്ടിടങ്ങളുടെ വിസ്തീർണ്ണവും തമ്മിലുള്ള വ്യത്യാസം സ്ഥലപരിശോധന നടത്തി ക്രമവത്ക്കരിച്ച് നികുതി പുനർനിർണ്ണയിക്കുന്നതായിരിക്കും എന്ന് അറിയിക്കുകയുണ്ടായി .ഇപ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ , ഉപയോഗക്രമം എന്നിവയ്ക്ക് അനുസൃതമായി നികുതി പുനർനിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 200 ചതുരശ്രമീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ചതുരശ്രമീറ്റർ വരെയുള്ള ഹോട്ടലുകൾ ,റസ്റ്റോറന്റുകൾ ,ഷോപ്പുകൾ ,ഗോഡൌൺ എന്നിവയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതായി ഫയൽ പരിശോധനയിൽ കാണുകയുണ്ടായി.

വിശദാംശം ചുവടെ ചേർക്കുന്നു.

പ്രസിഡന്റ് ,കയർ വ്യവസായ സഹകരണ സംഘം ഉടമസ്ഥതയിലുള്ള നിലവിലുണ്ടായിരുന്ന കെട്ടിടത്തോട് ചേർത്ത് നിർമ്മിച്ച 50.49 M2 തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് 10/230 A എന്ന നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട് . പ്രസ്തുത കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ പുതുതായി കൂട്ടിച്ചേർത്ത ഭാഗം ഉൾപ്പെടെ ആകെ തറ വിസ്തീർണ്ണം കെട്ടിടപ്ലാൻ പ്രകാരം 898.67 M2 ആണ് . മുൻ വർഷങ്ങളിൽ നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തെ പല വിഭാഗങ്ങളായി തിരിച്ച് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെയുള്ള

വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികതി ഈടാക്കിയിട്ടുള്ളത് . മേൽ ചൂണ്ടിക്കാട്ടിയ അതേ അപാകത തന്നെയാണ് ശിവദാസൻ ശാന്താലയം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 11/ 546 നം കെട്ടിടത്തിന്റെയും നികതി അസ്സസ്സ്ചെയ്യുന്നതിൽ സംഭവിച്ചിട്ടുള്ളത് . 19-20 വർഷം കൂട്ടി ചേർത്ത് ഭാഗമായ 34.58 എം2 ഉൾപ്പെടെ 237.47 എം2തറവിസ്തീർണ്ണമുള്ള വരുന്ന കെട്ടിടവും പല വിഭാഗങ്ങളായി തിരിച്ച് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെയുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികതി ഈടാക്കിയിട്ടുള്ളത് . ഇത് സംബന്ധമായി ഫയൽ പരിശോധിച്ചതിൽ വ്യത്യസ്ത നമ്പരുകൾ നൽകി ഏറ്റവും താഴ്ന്ന സ്ലാബിൽ ചേർത്താണ് നികതി നിശ്ചയിച്ചിട്ടുള്ളത് . ഇപ്രകാരമുള്ള തെറ്റായ നികതി കണക്കാക്കുന്നതിലൂടെ നികതി ചോർച്ച സംഭവിച്ചിട്ടുണ്ട്. ആകയാൽ പ്രസ്തുത കെട്ടിടങ്ങളുടെ മുൻവർഷത്തെ ഫയൽ പരിശോധിച്ച് നികതി പുനർനിർണ്ണയിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കെട്ടിടങ്ങളെ 200 ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ് , ഷോപ്പിംഗ് മാളുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 2019-20 മുതലുള്ള നികതി പുനർനിർണ്ണയിക്കുമെന്ന് അറിയിക്കുകയുണ്ടായി . ആകയാൽ നികതി നിർണ്ണയത്തിലെ പിഴവുകൾ പരിഹരിച്ച് നികതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഷാഹുൽ ഹമീദ് സാംസ്കാരിക നിലയത്തിന് ചുറ്റുമതിലും ഗേറ്റും നിർമ്മാണം |
| അടങ്കൽ | 4ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സെബാസ്റ്റ്യൻ |
| ക്വോട്ടുചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| അളവു പുസ്തകം | 84/18-19 |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 1373678 |
| ചെലവ് വിവരം | ബിൽ നമ്പർ8/04-06-19 രൂപ 373678/- |

എ) ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം സ്പെസിഫിക്കേഷൻ കോഡ് 50.6.2.3 പ്രകാരമുള്ള Solid Block Masonary Of Size 30x20x15cm For Superstructure Above Floor Two Level Up To Floor Five Level Thickness 15cm In Cm 1:6 എന്നതിനുള്ള 6966.73/m3 നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തത്. ചുറ്റുമതിൽ നിർമ്മാണമായതിനാൽ ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം സ്പെസിഫിക്കേഷൻ കോഡ് 50.6.2.2 പ്രകാരമുള്ള Solid Block Masonaof Size 30x20x15 For Superstructure Up To Floor Two Level Thickness 15cm And Above In Cm 1:6 എന്നതിനുള്ള 6218.57/m3 നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട നിരക്ക് | 6218.57/m3 |
| അനുവദിക്കേണ്ട നിരക്ക് | 6218.57/m3 |
| അനുവദിച്ച തുക | 17.426m3 @6966.73 = 121402/- |
| അനുവദനീയമായ തുക | 17.426 M3 @6218.57 = 108365 |
| അധികം നൽകിയത് | 13037 |

അധികം നൽകാനിടയായ തുക (13037)കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) മേൽ പ്രവൃത്തിയിൽ ബെൽറ്റ് നിർമ്മിക്കുന്നതിന് അനുവദിച്ചിരിക്കുന്ന Centering & Shuttering എന്ന ഇനത്തിന്റെ ഉയരം 0.15 മീറ്ററാണ്. എന്നാൽ ബെൽറ്റ് നിർമ്മിച്ചിരിക്കുന്നത് 0.10 മീറ്റർ കനത്തിലാണ്. അതിനാൽ Centering & Shuttering എന്ന ഇനത്തിന് അനുവദിക്കാവുന്ന ഉയരം 0.10 മീറ്ററാണ്. തെറ്റായി അളവ് രേഖപ്പെടുത്തിയതിനാൽ അധികം നൽകാനിടയായി.വിശദാംശം ചുവടെ കൊടുക്കുന്നു.

| അനുവദിച്ച അളവും തുകയും | അനുവദനീയമായ അളവും തുകയും |
|---|---|
| 1x 67.55 X0.15 = 10.13m2 | 1x 67.55 X0.10 = 6.755 M2 |
| 1x 65.75 X 0.15 = 9.86 M2 | 1x 65.75 X 0.10 = 6.575m2 |
| ആകെ ---- 19.9m2 | ആകെ ---- 13.330m2 |
| നൽകിയ തുക - 19.35 M2 @531.15 = 10278/- | നൽകേണ്ട തുക - 13.330 @531.15 = 7080/- |
| അധികം നൽകിയത് | 10278 - 7080 =3198 |

അധികം നൽകാനിടയായ തുക (3198)കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ പ്രവൃത്തിയുടെ 2-ാം ഇനം Random Rubble Masonary With Hard Stone In Foundation And Plinth Including Levelling Up With Cement Concrete 1:6:12 എന്ന ഇനമാണ്. ഇത് 14.85m3 ചെയ്തതിന് 6143.10/m3 നിരക്കിൽ 91225/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഈയിനത്തിന് മേൽ RCC ബെൽറ്റ് നിർമ്മിച്ചിരിക്കുന്നതിനാൽ 1:6:12 Cement Concrete ഉപയോഗിച്ചുള്ള ലെവലിംഗ് കോഴ്സ് ആവശ്യമില്ല. അനുവദിക്കാവുന്ന നിരക്ക് 6000.85/m3 [ 6143.10 - 142.25 (1:6:12 Cement Concrete )] ആണ്.

അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ചത് | 14.85 M3 @6143.10 = 91225 |
| അനുവദനീയം | 14.85 M3 @ 6000.85 = 89113 |
| അധികം | 91225 - 89113 = 2112/- |

അധികം നൽകാനിടയായ തുക (2112)കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

അധികം നൽകാനിടയായ ആകെ തുക - 13037 + 3198 + 2112 = 18347/-കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/14-02-12 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-18 നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

ഒരു പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് കരാർ തുകയുടെ ( PAC) 1% പിഴ ഈടാക്കി (മിനിമം 1000 പരമാവധി 25000) കരാർ വെക്കുവാൻ അനുവദിക്കാവുന്നതാണ്. (PWD മാന്വൽ ഖണ്ഡിക 2009-6). താഴെപ്പറയുന്ന പ്രവൃത്തിക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കരിപ്പായിൽ കൾവർട്ട് നിർമ്മാണം |
| പ്രോജക്റ്റ് നമ്പർ | S0178/19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ആന്റണി. എ. ജി |
| സെലക്ഷൻ നോട്ടീസ് നമ്പർ , തീയതി | 3/AE/LSGD/CSP/17/ തീയതി 03-11-18 |

| | |
|---|---|
| സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വെക്കേണ്ടതീയതി | 17-11-18 |
| കരാർ വെച്ച തീയതി | 19-11-18 |
| കരാർ നമ്പർ | 22/AE/LSGD/18-19 /തീയതി 19-11-18 |
| കരാർ തുക | 299321 |
| ഈടാക്കേണ്ടുന്ന ഫൈൻ | 2993 |
| അളവു പുസ്തകം | 45/18-19 |
| ചെലവ് വിവരം | ചെക്ക് നമ്പർ 2766927/17-10-19 രൂപ 46799/-<br>ബിൽ നമ്പർ 309/30-03-19 രൂപ 244420/- |

ഫൈൻ ഇനത്തിൽ കുറവു വന്ന തുക 2993/-രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 10/14-02-12 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-19 സംയുക്ത പരിശോധന പൂർത്തിയാക്കി ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതാണ്.

കേരള വാട്ടർ അതോറിറ്റി,പി.എച്ച്.ഡിവിഷൻ,ആലപ്പുഴ എക്സിക്യുട്ടീവ് എഞ്ചിനീയറുടെ മാർച്ച് 2020 ലെ 41678 നം ബിൽ പ്രകാരം 396 പൊതുടാപ്പുകളുടെ വെള്ളക്കരത്തിന്റെ ഡിമാന്റ് നോട്ടീസിന്റെ വിവരം ചുവടെ ചേർക്കുന്നു.

Closing Balance As On 29.2.2020 -4291/-

Fine -84/-

Demand For The Month -173250/-

Other Charges -0/-

Amount Payable -177625/-

കുടിശികയും ഫൈനും ഉൾപ്പടെയുള്ള തുക ഡിമാന്റ് ചെയ്യുന്നുണ്ടെങ്കിലും 173250/- രൂപ വീതമാണ്(Demand For The Month) വെള്ളക്കരമിനത്തിൽ ഓരോ മാസവും അടവാക്കുന്നത്. 2019-20 സാമ്പത്തിക വർഷവും പട്ടികജാതി വിഭാഗത്തിനും, ജനറൽ വിഭാഗത്തിനും ഗാർഹിക കുടിവെള്ള കണക്ഷനുകൾ വിവിധ പ്രോജക്ടുകൾ വഴി നൽകിയിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | S0103/20 | ഗാർഹിക കുടിവെള്ള കണക്ഷൻ(എസ്.സി) | 300000 | 198400 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | S0194/20 | ഗാർഹിക കുടിവെള്ള കണക്ഷൻ(എസ്.ടി) | 75000 | 7500 |
| 3 | വി.ഇ.ഒ | S0025/20 | ഗാർഹിക കുടിവെള്ള കണക്ഷൻ(ജനറൽ) | 2305000 | 1729850 |
| 4 | വി.ഇ.ഒ | S0115/20 (Spillover) | ഗാർഹിക കുടിവെള്ള കണക്ഷൻ(ജനറൽ) | 785000 | 785000 |
| 5 | വി.ഇ.ഒ | S0127/20 (Spillover) | ഗാർഹിക കുടിവെള്ള കണക്ഷൻ(എസ്.സി) | 57750 | 7500 |
| 6 | വി.ഇ.ഒ | S0136/20 (Spillover) | ഗാർഹിക കുടിവെള്ള കണക്ഷൻ(എസ്.സി) | 22450 | 22450 |

എല്ലാ സാമ്പത്തികവർഷങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന പ്രോജക്ട് വഴി നിരവധി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നുണ്ട്. എന്നാൽ പൊതുടാപ്പുകളുടെ എണ്ണം കുറയുന്നുമില്ല.പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ച നടപടിയും അവസാനമായി വാട്ടർ അതോറിറ്റിയുമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തിയതിന്റെ വിവരങ്ങളും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3 തീയതി.10.2.22),താഴെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

6.7.21 തീയതിയിലെ 3(1)നം.തീരുമാനപ്രകാരം പൊതുടാപ്പുകളിൽ ആവശ്യമുള്ളവ നിലനിർത്തുന്നതിനായി പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി പ്രതിനിധികളുടെ സംയുക്ത പരിശോധന നടത്തി നിലനിർത്തേണ്ട ടാപ്പുകളുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയത് പ്രകാരം ചേർത്തല വാട്ടർ അതോറിറ്റിക്ക് 22.1.22,3.2.22 എന്നീ തീയതികളിൽ സംയുക്ത പരിശോധനയുള്ള തീയതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എ2/333/21 നമ്പർ കത്തുകൾ നൽകുകയും വാട്ടർ അതോറിറ്റി,പി.എച്ച്.സെക്ഷൻ,ചേർത്തലയുടെ 8.2.22 തീയതിയിലെ AE/PHS/17/18-19 നമ്പർ കത്ത് പ്രകാരം 11.2.22 മുതൽ സംയുക്ത പരിശോധന ആരംഭിക്കുകയും ചെയ്തു.8,9,11,12,17,18 എന്നീ 6 വാർഡുകളിലെ സംയുക്ത പരിശോധന പൂർത്തിയാക്കി. ബാക്കി വാർഡുകളിലും കൂടി പരിശോധന പൂർത്തിയാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പരിശോധന പൂർത്തീകരിച്ച് ഒഴിവാക്കേണ്ട പൊതുടാപ്പുകൾ ഒഴിവാക്കി വെള്ളക്കരം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 സ്ട്രീറ്റ് ലൈൻ നീട്ടൽ- പ്രവൃത്തി ആരംഭിച്ചിട്ടില്ല

2019-20 സാമ്പത്തികവർഷം വികസനഫണ്ട് (ധനകാര്യകമ്മീഷൻ അവാർഡ്) നിന്നും 3338480/-രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ട് ആണ് സ്ട്രീറ്റ് ലൈൻ നീട്ടൽ(പ്രോജക്ട്നം - S0005/20 ). ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

1)ബിൽ നം.25/19-20/25.2.20 തുക.500000/-

2)ബിൽ നം.26/19-20/25.2.20 തുക.500000/-

3)ബിൽ നം.27/19-20/25.2.20 തുക.500000/-

4)ബിൽ നം.28/19-20/25.2.20 തുക.500000/-

5)ബിൽ നം.29/19-20/25.2.20 തുക.500000/-

6)ബിൽ നം.30/19-20/25.2.20 തുക.500000/-

7)ബിൽ നം.31/19-20/25.2.20 തുക.186460/-

8)ബിൽ നം.32/19-20/25.2.20 തുക.152008/-

പഞ്ചായത്തിലെ 22 വാർഡുകളിലേയും വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് വൈദ്യുതിലൈൻ വ്യാപനത്തിനായി കെ.എസ്.ഇ.ബി നൽകുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം.

പ്രോജക്ട് പ്രകാരം, കെ.എസ്.ഇ.ബി, ചേർത്തല ഈസ്റ്റ് , അസിസ്റ്റന്റ് എഞ്ചിനീയറോട് പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള താഴെ പട്ടികയിലുള്ള റോഡുകളിൽ വൈദ്യുതിലൈൻ വ്യാപനത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആവശ്യപ്പെട്ടു.( 16.9.19 ലെ എ2-7415/2018നം.കത്ത്)

| ക്രമ നം | റോഡിന്റെ പേര് | വാർഡ് നം |
|---|---|---|
| 1 | ഫിഷ് ലാന്റ് സെന്റർ-കളങ്ങര ബീച്ച് | 1 |
| 2 | മുസ്ലീം പള്ളി- കരുണ സ്റ്റോപ്പ് | 2 |
| 3 | പരുത്ത്യം പള്ളി- കടപ്പുറത്ത് വീട് | 2 |
| 4 | എസ്.എൻ.ജംഗ്ഷൻ-ബീച്ച് | 2 |
| 5 | തീരദേശ വായനശാല- മുസ്ലീം പള്ളി റോഡ്(പോസ്റ്റ് ഇടണം) | 3 |
| 6 | മരിയപുരം-സെന്റ് ജോർജ് ചർച്ച് | 4 |
| 7 | ആയിരംതൈ പള്ളിക്ക് വടക്ക് | 4 |
| 8 | പൂച്ചമുക്ക്-കോലോത്ത് ജംഗ്ഷൻ | 5 |

| | | |
|---|---|---|
| 9 | തറമൂട്-മറ്റപ്പള്ളി റോഡ് | 5 |
| 10 | കണ്ണിക്കാട്ട്- കട്ടികാട്ട് | 6 |
| 11 | കൊച്ചിറഭജനമഠം- മണ്ണകഴി | 6 |
| 12 | നെയ്ശേരി- അറവുകാട് | 6 |
| 13 | പുളിച്ചവട്- കൊച്ചുമഠം കളരിക്കൽ റോഡ് | 7 |
| 14 | മറ്റവന- പുളിച്ചവട് | 8 |
| 15 | തകിടിവെളി-കുറുപ്പംകളങ്ങര | 8 |
| 16 | വി.വി.ഗ്രാമം-പട്ടശ്ശേരി റോഡ് | 9 |
| 17 | തൃപ്പൂരക്കളങ്ങര-വി.വി.ഗ്രാമം | 9 |
| 18 | പള്ളേക്കാട്ട് ക്ഷേത്രം റോഡ് | 10 |
| 19 | കമ്പിവെളി-ദീപം ക്ളബ്(ബാക്കിഭാഗം) | 10 |
| 20 | അരീപ്പറമ്പത്ത്-വടയാഴം റോഡ് | 11 |
| 21 | ചാരംപറമ്പ്-കൊച്ചിറവെളി | 11 |
| 22 | ഇലഞ്ഞി-പ്രഭാത് റോഡ് | 12 |
| 23 | സെന്റ് മൈക്കിൾസ്-കുറുപ്പംവീട് | 12 |
| 24 | ഇലഞ്ഞിക്കോളനി-വെട്ടികാട്ട് റോഡ് | 13 |
| 25 | വെട്ടികാട്ട്-പടനിലംറോഡ് | 13 |
| 26 | ചെത്തുവേലി-പടനിലംറോഡ് | 13 |
| 27 | പുല്ലുകളം-സ്റ്റേഡിയം റോഡ് | 14 |
| 28 | മാത്തശ്ശേരി-പൂത്തേഴം | 15 |
| 29 | തെക്കേമഠം കളരിക്കൽ റോഡിൽ നസ്രത്ത് നഗർ മുതൽ ഉലവംകാട്ടിൽ തോട് വരെ | 15 |
| 30 | ക്രിസ്തുരാജ്-പടാകളം റോഡ് | 16 |
| 31 | ക്രിസ്തുരാജ്-ബീച്ച് റോഡ് | 17 |
| 32 | കാട്ടിപ്പറമ്പിൽ-റീത്താലയം-അങ്കനവാടി റോഡ് | 17 |
| 33 | റീത്താലയം-പ്രസന്റേഷൻ റോഡ്(പോസ്റ്റ് ഇടണം) | 18 |
| 34 | പൂണത്ത്-കാട്ടിപ്പറമ്പ് റോഡ് | 18 |
| 35 | അറക്കൽ ഐ.റ്റി.സി.ബീച്ച് റോഡ്(പോസ്റ്റ് ഇടണം) | 19 |
| 36 | ചള്ളിച്ചിറ -കോൺവെന്റ്(ബാക്കിഭാഗം) | 20 |
| 37 | പാരിഷ്ഹോൾ-കോൺവെന്റ് | 20 |
| 38 | തിരുതേകാട് റോഡ് | 21 |
| 39 | ഫിഷറീസ്-അറവുകാട് റോഡ് | 21 |
| 40 | സെന്റ് ജോർജ് ചർച്ച്-സോണിയ മില്ല് റോഡ് | 22 |

ആയത്പ്രകാരം തയ്യാറാക്കിയ 1,52,008/- രൂപയുടെ എസ്റ്റിമേറ്റിന് , 7.1.2020 തീയതിയിൽ DB/SL-AS-30/19-20/EE/ED/CTLA നമ്പറായും, 31,86,460/- രൂപയുടെ എസ്റ്റിമേറ്റിന് , 1.1.2020 തീയതിയിൽ DB/SL-AS-27/19-20/EE/ED/CTLA നമ്പറായും,ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭരണാനുമതി ലഭിച്ചു. ആയതിന് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള എസ്.ബി.ഐ. ചേർത്തലയിലെ 57026414342 നം.അക്കൗണ്ടിലേക്ക് 33,38,468/-രൂപ നൽകി.

അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിക്കായി ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും സെക്രട്ടറിയുമായി 23.3.20തീയതിയിൽ കരാർ ചമച്ചിട്ടുണ്ട്. എന്നാൽ കരാറിൽ കരാർ നമ്പർ, പ്രവൃത്തി പൂർത്തീകരണ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2. കരാർ വ്യവസ്ഥ 15 പ്രകാരം,പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞാൽ പൂർത്തീകരണ സർട്ടിഫിക്കറ്റ് , തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്നതാണ്. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് 29.3.21,8.11.21 എന്നീ തീയതികളിൽ എ2/7415/2019 നമ്പറായി രണ്ട് കത്തുകൾ സെക്രട്ടറി കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകി. എന്നാൽ നാളിതുവരെ ആയത് ലഭ്യമായിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, അല്ലെങ്കിൽ നിലവിലെ സ്ഥിതി എന്നിവ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/8.2.22), താഴെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

ചേർത്തല തെക്ക് പഞ്ചായത്തിന്റെ 26.2.20 തീയതിയിലെ കെ.എസ്.ഇ.ബി. ചേർത്തല ഡിവിഷനിൽ അടവാക്കിയ33,86,460/- രൂപയിൽ 31,86,460/-രൂപ 26.2.20തീയതിയിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ പ്രോജക്ടിനായി കെ.എസ്.ഇ.ബി.അർത്തുങ്കൽ സെക്ഷനിൽ ലഭിച്ചിട്ടുണ്ട്. തുകകൾ Remit ചെയ്യുന്നതിന്റെ മുൻഗണന പ്രകാരമാണ് പ്രവൃത്തികൾ ചെയ്യുന്നതെന്നും 9.12.2019ൽ മാരാരിക്കുളം നോർത്ത് പഞ്ചായത്ത് 63ലക്ഷം രൂപ അടച്ചതിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം മാത്രമേ അർത്തുങ്കൽ സെക്ഷനിൽ നിന്നും മേൽ പ്രവൃത്തി തുടങ്ങാൻ സാധിക്കുകയുള്ളു എന്നും അറിയിച്ചു. 1,52,008/-രൂപയുടെ പ്രവൃത്തി കെ.എസ്.ഇ.ബി.എസ്.എൽ.പുരം സെക്ഷനിൽ നിന്നുമാണ് ചെയ്യേണ്ടതെന്നതിനാൽ പ്രവൃത്തിയുടെ വിവരം ആരാഞ്ഞ് സെക്രട്ടറി 14.2.2022 ൽ എ2/7415/2019 നമ്പറായി കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

ഡിപ്പോസിറ്റ് വർക്കുകൾക്കായി കെ.എസ്.ഇ.ബി.യുമായി കരാർ ചമയ്ക്കുമ്പോൾ പൂർത്തീകരണ തീയതിയും, നിശ്ചിത തീയതിയിൽ പൂർത്തീകരിക്കാത്ത പക്ഷം സ്വീകരിക്കേണ്ട തുടർ നടപടി വ്യവസ്ഥകളും നിർബന്ധമായും കരാറിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പ്രവൃത്തിക്കായി ഗ്രാമ പഞ്ചായത്ത് 33,86,460/- രൂപ കെ.എസ്.ഇ.ബി.യുടെ അക്കൗണ്ടിൽ നൽകി 2 വർഷം കഴിഞ്ഞിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. എന്ന് ആരംഭിക്കുമെന്ന് അറിയിച്ചിട്ടുമില്ല. പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ, പഞ്ചായത്ത് കെ.എസ്.ഇ.ബി.യിൽ അടവാക്കിയ33,86,460/-രൂപയുടെ പലിശ പഞ്ചായത്തിന് ലഭ്യമാക്കാൻ ആവശ്യമായ തുടർനടപടികൾക്കായി സർക്കാർ തലത്തിൽ സമീപിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 33,86,460/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ലൈഫ് - മുൻകൂർ കൈപ്പറ്റിയെങ്കിലും വീട് പണി ആരംഭിച്ചിട്ടില്ല.

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ 2018-19 കാലയളവിൽ ലൈഫ് ഭവനനിർമാണ പദ്ധതിയിലുൾപ്പെട്ട താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വെയ്ക്കുകയും 40000/- രൂപ വീതം മുൻകൂറായി കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായി വീട്ടുനിർമാണം ആരംഭിച്ചിട്ടില്ല. പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | കൈപ്പറ്റിയ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 111/20 | ശ്രീമതി.രാജിമോൾ റാവു,പ്ലാക്കഴി, ചേർത്തല സൗത്ത് | XIII | 40000 | 383013/28.07.2018 |
| 182/20 | ശ്രീമതി. സ്മിതാമോൾ,ഉണ്ടത്തിൽ, ചേർത്തല സൗത്ത് | XV | 40000 | 1140063/30.01.2019 |

ടി ഗുണഭോക്താക്കളിൽ ശ്രീമതി.രാജിമോൾ റാവുവിന്, ലൈഫ് ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള അർഹതാമാനദണ്ഡങ്ങളിൽ പറയുന്ന അളവിലും കൂടുതൽ വസ്തു കൈവശമുണ്ട്. ഇത് പരിഗണിക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളതെന്നതിനാൽ പ്രസ്തുത തുക ടി ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ശ്രീമതി. സ്മിതമോൾ എന്ന ഗുണഭോക്താവ് 40000 /- രൂപ മുൻകൂർ കൈപ്പറ്റിയെങ്കിലും നാളിതുവരെയായി ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. ഗുണഭോക്താക്കളും ഗ്രാമ പഞ്ചായത്തും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥപ്രകാരം കരാർ തിയതി മുതൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. ആയതിനാൽ ടി ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുകയോ മുൻകൂറായി കൈപ്പറ്റിയ തുക അടിയന്തിരമായി തിരികെ അടയ്ക്കുകയോ ചെയ്യേണ്ടതാണ്.ഇതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26 / 17.02.2022) മറുപടി ലഭ്യമായിട്ടില്ല.ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

.

## 1-22 ന്യൂട്രിമിക്സിന് ജി എസ് ടി ഈടാക്കി

കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിലും മേൽ നോട്ടിഫിക്കേഷൻ പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ 19-20

വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത നവജീവൻ യൂണീറ്റിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം ഒരു കിലോഗ്രാമിന് 3.50 /- രൂപ നിരക്കിൽ ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം | വിതരണം ചെയ്ത ന്യൂട്രിമിക്സ് | ചുമത്തിയ ജി.എസ്.ടി | ചെലവ് വിവരം |
|---|---|---|---|---|
| 1 | 319/17.04.19 | 1584 Kg | 5544 /- | 772769 -( ചെക്ക് നം 2766909 /30.08.19) |
| 2 | 321/29.05.19 | 1844.5 Kg | 6455 | 772769 -( ചെക്ക് നം 2766909 /30.08.19) |
| 3 | 327/25.06.19 | 1830kg | 6405/- | 772769 -( ചെക്ക് നം 2766909 /30.08.19) |
| 4 | 333/26.07.19 | 1795.5kg | 6284.25 /- | 772769 -( ചെക്ക് നം 2766909 /30.08.19) |
| 5 | 343/29.08.19 | 1578 Kg | 5523/- | 671529 -( ചെക്ക് നം 2766916 /27.09.19) |
| 6 | 353/30.09.19 | 1897kg | 6639 | 146370/- 3/19-20 /21.10.19 |
| 7 | 363/25.10.19 | 1932 Kg | 6762 /- | 700750/- ( ചെക്ക് നം 2766948 /19.11.19) |
| 8 | 369/29.11.19 | 1963 Kg | 6872 /- | 281247/- ( ചെക്ക് നം 2766998 /11.02.20) |
| 9 | 375/25.01.20 | 1806kg | 6321 | 137707/- ( ചെക്ക് നം 3060909 /25.02.20) |
| 10 | 380/20.02.20 | 2061.5kg | 7215 /- | 157189/- ( ചെക്ക് നം 3060922 /18.03.20) |
| 11 | 384/23.03.20 | 2051 Kg | 7178 /- | 82119 /- 16/19-20 /31.03.20<br>100000/- ( ചെക്ക് നം 2509303 /30.03.20) |

GST ഉൾപ്പെടെയുള്ള തുക നൽകിയതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അമൃതം ന്യൂട്രിമിക്സിന് തുക അനുവദിക്കുമ്പോൾ ജി.എസ്.ടി ഒഴിവാക്കി തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 സാമൂഹ്യസുരക്ഷാപെൻഷൻ -മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൌണ്ട് സസ്പെന്റ് ചെയ്യുന്നതിന് മുൻപ് ബാങ്കുകൾക്ക് അനുവദിച്ച തുക തിരികെ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് ഏതെങ്കിലും കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ്‌വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ ക്യാൻസൽ ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റേതെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള സോഫ്റ്റ്‌വെയർ സംവിധാനം സേവന സോഫ്റ്റ്‌വെയറിൽ ഇല്ലാത്തതിനാൽ അർഹത ഇല്ലാതായ തീയതി മുതൽ സസ്പെന്റ് ചെയ്യുന്നത് വരെയുള്ള ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യാൻ സാധ്യതയുണ്ട്. ഇത് അനർഹമായ പെൻഷൻ വിതരണത്തിന് കാരണമാകുന്നു.

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്കും മറ്റ് ബാങ്കുകൾക്കും തുക അനുവദിച്ചതായി കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | പെൻഷൻ സസ്പെന്റ് ചെയ്ത തിയതി | പെൻഷൻ കൈപ്പറ്റിയ അനർഹ മായ കാലയളവ് | അനർഹമായ കാലയളവിലെ തുക |
|---|---|---|---|---|---|---|---|
| 1 | പരമേശ്വരൻ പ്ലാക്കുഴിവെളി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104430200510 | 01.05.19 | 13.12.19 | 5/19 മുതൽ 7/ 19 വരെ പെൻഷൻ അക്കൌണ്ടിൽ വന്ന തുക കൈമാറിയിട്ടില്ല | 4500 /- |
| 2 | ഭാസുര കൈതപറമ്പ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104430201699 | 18.01.19 | 13.12.19 | 2/19 മുതൽ 7 /19 വരെ പെൻഷൻ ക്യാനറാ ബാങ്ക് | 5400 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | അക്കൌണ്ടിൽ വന്ന തുക കൈമാറിയിട്ടില്ല | |
| 3 | സഹദേവൻ കുത്തുവെളി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104430200256 | 15.12.18 | 04.12.19 | 1/19 മുതൽ 7 /19 വരെ പെൻഷൻ ഫെഡറൽ ബാങ്ക് അക്കൌണ്ടിൽ വന്ന തുക കൈമാറിയിട്ടില്ല | 8080 /- |
| 4 | അങ്കൽ വെളുത്ത ചെന്നശ്ശേരി | | 104430100637 | 24.07.19 | 03.12.19 | 7/19 ൽ ആണ് മരണമെങ്കിലും 5/19 മുതൽ 7/19 വരെയുള്ള തുക എസ് ബി ഐ ബാങ്ക് അക്കൌണ്ടിൽ വന്നു. തുക കൈമാറിയിട്ടില്ല | 3600 /- |
| 5 | ജോർജ്ജ് വർഗ്ഗീസ് പുളിക്കൽ | | 104430200308 | 26.01.20 | 10.11.20 | 2/20 മുതൽ 4/20 വരെയുള്ള തുക 4500 അക്കൌണ്ടിൽ നിക്ഷേപിച്ചു . മെയ്യ് മുതൽ ഒക്ടോബർ വരെയുള്ള തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല ഈ തുക എസ് ബി ഐ ബാങ്കിൽ നിലനിൽക്കുന്നു | ബാങ്കിൽ 9000/- |
| 7 | സുധാകരൻ അമ്പലവെളി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104430200369 | 19.09.19 | 16.01.20 | 8/19 മുതൽ 9/19 വരെയുള്ള തുക തടഞ്ഞുവെച്ചിരിക്കുന്നു | 3000 /- |
| 8 | ക്ലമൻറ് അരേശ്ശേരിൽ,റീത്താലയം | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104430201261 | 06.04.20 | 10.11.20 | 8/19 മുതൽ 10/20 വരെയുള്ള പെൻഷൻ തുക കൈമാറാൻ സാധിച്ചിട്ടില്ല | 7800 /- |
| 9 | വാസു.കെ.എം ചിറയിൽ, | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104430200865 | 27.03.20 | 10.11.20 | 10/19 മുതൽ 10/20 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല എന്ന് ചേർത്തിട്ടുണ്ട് | 19500 /- |
| 10 | പൈലോപൈലോ ,വാളമ്മേക്കാട് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104430202649 | 15.05.20 | 18.06.21 | 3/21 മുതൽ 5/21 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല എന്ന് ചേർത്തിട്ടുണ്ട് | 2800 /- |
| 11 | പീറ്റർ - ,ഈരേശ്ശേരിൽ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 104430201114 | 20.05.20 | 17.03.21 | 12/20 മുതൽ 2/21 വരെ യുള്ള തുക എസ് ബി ഐ അക്കൗണ്ടിൽ നിന്നും കൈമാറാൻ സാധിച്ചിട്ടില്ല എന്ന് ചേർത്തിട്ടുണ്ട് | 1800 /- |
| | | ആകെ | | | | | 65480 /- |

അനർഹമായ തുക പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് അനവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. 19-20 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യവരിൽത്തന്നെ ഏതാനം പേരുടെ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. മറ്റ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ തുക രൂപ സഹകണ ബാങ്കിലും മറ്റ് ബാങ്കുകളിലും നിന്ന് സർക്കാരിലേക്ക് അടവാക്കിയോന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയ മറുപടിയിൽ അനർഹമായ കാലയളവിൽ അനവദിച്ചതും ബാങ്കുകളിൽ നിലനിൽക്കുന്നതുമായ തുക അതാത് ബാങ്കുകളിൽ നിന്ന് സർക്കാരിലേക്ക് ഒടുക്കി എന്നാണ് അറിയിച്ചത് എന്നാൽ തിരികെ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല .ആകയാൽ മേൽ ചൂണ്ടിക്കാട്ടിയ മരണപ്പെട്ട എല്ലാ ഗുണഭോക്താക്കളുടെയും പെൻഷൻ തുക ബാങ്കുകളിൽ നിന്നും സർക്കാരിലേക്ക് തിരികെ ഒടുക്കിയതിന്റെ വ്യക്തമായ രേഖകൾ ഹാജരാക്കേണ്ടതാണ്. വിവിധ ബാങ്കുകളിൽ നിലനിൽക്കുന്ന 65480 /- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത്ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 3 വർഷത്തിലധികമായി തിരിച്ച നൽകാത്ത ഡെപ്പോസിറ്റുകൾ നീക്കിയിരിപ്പുള്ളതായി കാണുന്നു.കേരള ഫിനാൻഷ്യൽ കോഡ് VOL I ആർട്ടിക്കിൾ 56(B) പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ് , ഇ എം ഡി, മുതലായവ) മൂന്ന് വർഷം തുടർച്ചയായി ക്ലെയിം ചെയ്യാതിരുന്നാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കി പ്രസ്തുത തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിലേയ്ക്ക്

ചേർക്കാവുന്നതാണ്.ഇപ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 ടാർവീപ്പയുടെ വില കുറഞ്ഞ നിരക്കിൽ ഈടാക്കി

ഗ്രാമപഞ്ചായത്തിൽ ചെയ്ത റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബിൽ പ്രകാരം തുക നൽകിയപ്പോൾ ടാർ വീപ്പയുടെ വിലയായി 250 രൂപ നിരക്കിലാണ് ഈടാക്കിയത്. ഒരു ടാർ വീപ്പയുടെ വില 281 (238 + 18% GST) ആണ്. കുറഞ്ഞ നിരക്ക് ഈടാക്കിയതിനാൽ കരാറുകാർക്ക് അധികം നൽകാനിടയായി.ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവ്യത്തിയുടെ പേര് | കരാറുകാരൻ | ഈടാക്കിയ ടാർ വീപ്പയുടെ വില | ഈടാക്കേണ്ട വില | കുറവ് | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | പുളിച്ചുവട് - പുതിയ വീട് കളപ്പുരയ്ക്കൽ റോഡ് ടാറിംഗ് | പ്രകാശ്.ഡി | 21@@250 =5250 | 21@281=5901 | 651 | 15/16-07-19 രൂപ 737849/- |
| 2 | കണ്ണികാട്ട് - ആലുങ്കൽ റോഡ് മെറ്റലിംഗ് ടാറിംഗ് | ശോഭൻ സി.ബി | . 18@@250 =4500 | 18@281=5058 | 558 | 17/17-07-19/ രൂപ 570000 |
| 3 | മണ്ണകുഴി - പങ്ങപ്പറമ്പ് റോഡ് ടാറിംഗ് | സെബാസ്റ്റ്യൻ | 19@@250 =4750 | 19@281=5339 | 589 | 2/27-04-19 രൂപ 165000 |
| 4 | ഇലഞ്ഞി കോളനി - വെട്ടുകാട്ടിൽ റോഡ് ടാറിംഗ് | രാജേഷ് . പി | 17@@250 =4250 | 17@281=4777 | 527 | 11/25-06-20 രൂപ 596020/- |
| 5 | SN ബീച്ച്റോഡ് ടാറിംഗ് | ആൻറണി എ.ജി | 25@@250 =6250 | 25@281=7025 | 775 | 29/30-11-19 രൂപ 566903/- |

ശരിയായ വില ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-താരിഫ് സംബന്ധമായ പരിശോധനകൾ നടത്തുന്നില്ല.

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 2019-20 വർഷത്തിൽ ആകെ 1275055/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രതിമാസം ശരാശരി ഒരു ലക്ഷം രൂപയിലധികം രൂപയാണ് തനത് ഫണ്ടിൽ നിന്നും ഈ ആവശ്യത്തിന് ചെലവഴിക്കപ്പെടുന്നത്. ആകെ തെരുവുവിളക്കുകളുടെ എണ്ണം,അവയുടെ തരം, വാട്ട്സ്,ഓരോ ഇനം തെരുവുവിളക്കുകൾക്കും ഈടാക്കുന്ന വൈദ്യുതി ചാർജ്ജ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കുന്നില്ല. കെ.എസ്.ഇ.ബി യിൽ നിന്നു ലഭിക്കുന്ന ബിൽ പ്രകാരമുള്ള തുക ഒടുക്കുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ചെയ്തുകൊണ്ടിരിക്കുന്നത്. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിന്റെ വിശദാംശങ്ങളും താരിഫ് വിവരങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/15.02.2022) മറുപടി ലഭ്യമാക്കിയില്ല. വിവിധ ഇനം ലൈറ്റുകളുടെ ഉപഭോഗത്തിനും താരിഫിനുമനുസൃതമാണോ കറണ്ട് ചാർജ്ജ് ഒടുക്കുന്നതെന്ന കാര്യത്തിൽ ആവശ്യമായ പരിശോധന നടക്കുന്നില്ല.ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തി ഈ ഇനത്തിൽ നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-27 ഇ-ടെന്റർ ഫീസ് തനതുഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്

ഗ്രാമപഞ്ചായത്ത് 2019-20 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസ് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നു. എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ മുൻവർഷങ്ങളിലേതുൾപ്പെടെ ഓൺലൈനായി ക്രെഡിറ്റ് വന്ന തുക ഗ്രാമപഞ്ചയത്തിന്റ തനതുഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. ഈ ഇനത്തിൽ ലഭിക്കാനുള്ള തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/ റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | പുളിച്ചുവട് - പുതിയ വീട് കളപ്പുരയ്ക്കൽ റോഡ് ടാറിംഗ് | 5250 | മെയിന്റനൻസ് ഗ്രാന്റ് | 15/16-07-19 രൂപ 737849/- |
| 2 | കണ്ണികാട്ട് - ആലുങ്കൽ റോഡ് മെറ്റലിംഗ് ടാറിംഗ് | 4500 | മെയിന്റനൻസ് ഗ്രാന്റ് | 17/17-07-19/ രൂപ 570000 |
| 3 | മണ്ണകുഴി - പങ്ങപ്പറമ്പ് റോഡ് ടാറിംഗ് | 4750 | മെയിന്റനൻസ് ഗ്രാന്റ് | 2/27-04-19 രൂപ 165000 |
| 4 | ഇലഞ്ഞി | 4250 | മെയിന്റനൻസ് | 11/25-06-20 |

| | | | | |
|---|---|---|---|---|
| | കോളനി - വെട്ടുകാട്ടിൽ റോഡ് ടാറിംഗ് | | ഗ്രാന്റ് | രൂപ 596020/- |
| 5 | SN ബീച്ച്റോഡ് ടാറിംഗ് | 6250 | മെയിന്റനൻസ് ഗ്രാന്റ് | 29/30-11-19 രൂപ 566903/- |

ടാർ വീപ്പ വിറ്റു കിട്ടുന്ന ഉക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. വികസന ഫണ്ട് /റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടാർ വീപ്പ വിറ്റു കിട്ടുന്ന ഉക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പ്രത്യേക കന്നുകുട്ടി പരിപാലനം

| | |
|---|---|
| പ്രോജക്ട് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| പ്രോജക്ട് നമ്പർ | S0073/20 |
| ചെലവു വിവരം | ബിൽ നമ്പർ 17/11-04-20 രൂപ 468750/- (ക്യൂ ബിൽ)<br>ചെക്ക് നമ്പർ 3060902/11-02-20 രൂപ 181250/- |

4 മാസത്തിനും 6 മാസത്തിനും ഇടയിലുള്ള പശുകിടാങ്ങൾക്ക് പ്രായപൂർത്തിയാകുന്നതു വരെ സബ്സിഡി നിരക്കിൽ 75 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ നൽകാൻ ഈ പ്രോജക്ട് ലക്ഷ്യമിടുന്നു. വെറ്ററിനറി സർജന്റെ 12-02-20 തീയതിയിലെ 19/20 നമ്പർ ഉത്തരവു പ്രകാരം 75 പേർക്കുള്ള തദ്ദേശഭരണ സ്ഥാപന വിഹിതമായി 6.50 ലക്ഷം രൂപ അസിസ്റ്റന്റ് ഡയറക്ടർ , കാഫ് , ഫീഡ് സബ്സിഡി പ്രോഗ്രാം , ആലപ്പുഴയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

എ)സ.ഉ.(കൈ) 22/2018/തസ്വഭവ തീയതി 14-02-18 നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലനം പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 25000 രൂപ വരുന്ന ചെലവിന്റെ സംസ്ഥാന വിഹിതം 6250/- രൂപയും തദ്ദേശഭരണ സ്ഥാപന വിഹിതം 6250/- രൂപയും ഗുണഭോക്തൃവിഹിതം 12500/- രൂപയുമാണ്.സംസ്ഥാന വിഹിതം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആ തുക കൂടി തദ്ദേശഭരണ സ്ഥാപനം നൽകേണ്ടതുണ്ട്.

അസിസ്റ്റന്റ് ഡയറക്ടർ , കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം നൽകിയ ധന വിനിയോഗസാക്ഷ്യപത്രത്തിൽ 362500/- ലഭിച്ചതിൽ (തദ്ദേശഭരണ സ്ഥാപന വിഹിതം 181250/- രൂപയും സംസ്ഥാന വിഹിതം 181250/-) 29 ഗുണഭോക്താക്കൾക്ക് 334815/- രൂപ ചെലവഴിച്ചതിൽ 27685/- രൂപ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടി നീക്കിയിരിപ്പ് ഉക അസിസ്റ്റന്റ് ഡയറക്ടർ , കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം , ആലപ്പുഴയിൽ നിന്നും തിരികെ വാങ്ങിക്കേണ്ടതാണ് . അല്ലാത്തപക്ഷം ഉടർന്നുള്ള വർഷങ്ങളിലെ പ്രോജക്ടുകളിലേക്ക് ടി ഉക ക്രമീകരിക്കേണ്ടതാണ്.

ബി) ചെലവഴിക്കാൻ ബാക്കിയായ 468750/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ടി ഉക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-30 തൊഴിലുറപ്പുപദ്ധതി-ആദായ നികുതി ,GST എന്നിവ ശ്രോതസിൽ നിന്നും ഈടാക്കിയില്ല

1) ആദായ നികുതി ശ്രോതസിൽ നിന്നും ഈടാക്കിയില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്യു നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളെ ചെയ്യു കരാറുകാർക്ക് ഉക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 1%ആദായ നികുതി (ആദായ നികുതി നിയമം 194 C ) ഈടാക്കിയില്ല . വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച ഉക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്യു തീയതി (ഫൈനൽ പേമെന്റ് ) |
|---|---|---|---|---|---|
| 1 | സോണിയ മിൽ തെക്കേക്കര റോഡ് | സതീഷ്കുമാർ .എം | 290570 | 2906 | 04-01-20 |
| 2 | ആയിരം തൈ ബീച്ച് കോൺവെന്റ് റോഡ് | ആന്റണി | 213397 | 2134 | 04-01-20 |
| 3 | ആശാരിപറമ്പ് - കടവിൽ റോഡ് | ഖാദിൽക്കർ | 117524 | 1175 | 04-01-20 |
| 4 | വളാകുന്നത്തു വെളി - തിരുവിഴ റെയിൽവേ സ്റ്റേഷൻ റോഡ് | രജീഷ് | 95650 | 956 | 02-07-19 |
| 5 | പൂണത്ത് - ഐ.റ്റി.സി റോഡ് | സതീഷ്കുമാർ .എം | 327575 | 3276 | 02-07-19 |
| 6 | മേച്ചേരി - തയ്യിൽ റോഡ് | ആന്റണി | 328185 | 3282 | 02-07-19 |
| 7 | തോമസ് കുട്ടി വൈദ്യർ - അർത്തുങ്കൽ പള്ളി റോഡ് | ആന്റണി | 319069 | 3191 | 02-07-19 |
| 8 | അർത്തുങ്കൽ പോലീസ് സ്റ്റേഷൻ അംഗൻവായി നം 49 റോഡ് | ആന്റണി | 206074 | 2061 | 05-03-20 |

| | | | | |
|---|---|---|---|---|
| | ആകെ | | | 18981 | |

2. GST ശ്രോതസിൽ നിന്നം ഈടാക്കിയില്ല

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് ഉക അനുവദിച്ചപ്പോൾ CGST Act 2017ലെ വകുപ്പ് 51 (1) , SGST Act 2017ലെ വകുപ്പ് 51(1)എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധീകരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നം സ്രോതസ്സിൽ നിന്നം 2% ഉക GST ഇനത്തിൽ കുറവു ചെയ്യേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ നിന്നം GST ഈടാക്കിയില്ല . വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | സാധന വിലയിനത്തിൽ അനുവദിച്ച ഉക | കരാറുകാരൻ | ഈടാക്കേണ്ട GST (2%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | സോണിയ മിൽ തെക്കേക്കര റോഡ് | 290570 | സതീഷ്കുമാർ .എം | 5811 | 04-01-20 |

നികതികൾ കവു ചെയ്യാതെ ഉക അനുവദിച്ചതിനാൽ കാരാറുകാർക്ക് 24792(18981+5811)രൂപ അധികം നൽകാനിടയായി.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം(24/15.2.22) ന് കരാറുകാരിൽ നിന്നം ഉക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഉക ഈടാക്കി, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 കണ്ണംപറമ്പ് ഭാഗം തെങ്ങിൻ തൈ നഴ്സറി - തൊഴിൽ ദിനങ്ങൾ കൂടുതലായി അനുവദിച്ചു.

412077 /- രൂപ അടങ്കൽ വരുന്ന തെങ്ങിൻ തൈ നഴ്സറി നിർമ്മാണത്തിന് 2500 തെങ്ങിൻ തൈകൾ 180 ദിവസം കൊണ്ട് തയ്യാറാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന് 1251 തൊഴിൽ ദിനങ്ങളാണ് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിട്ടുള്ളത്. ഇതിൽ ടി പ്രവൃത്തിക്ക് 1224 തൊഴിൽ ദിനങ്ങൾ വിനിയോഗിച്ചതിന് @271 നിരക്കിൽ 331704/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.തെങ്ങിൻ തൈ നഴ്സറി നിർമ്മാണത്തിനായി 2000 തേങ്ങ 21.50 രൂപയ്ക്ക് വാങ്ങിയതിനാണ് 43000/- രൂപ ചെലവഴിച്ചിട്ടുള്ളത് ( ML 7248/29-03-19).എന്നാൽ 2500 എന്ന് രേഖപ്പെടുത്തിയാണ് പ്രവൃത്തിയുടെ മൂല്യം കണ്ടെത്തിയിരിക്കുന്നത്.

2.തെങ്ങിൻ തൈ നഴ്സറിക്കുള്ള എസ്റ്റിമേറ്റിൽ Planting Mulching Watering Preperation Of Basin For New Coconut Saplings (Each/day) എന്നതിന് 27.1/each നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത എസ്റ്റിമേറ്റിൽ ബേസിൻ നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷൻ , Maintenance Of Tree Saplings Including Watering ,Removing Weeds Applying Manure Etc എന്നീ ഇനങ്ങൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ Planting Mulching For New Tree Saplings (Each/day) Rate 1.35/each എന്ന ഇനമാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്.

മേൽപ്പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്ക് ചെലവഴിക്കേണ്ടിയിരുന്ന ഉകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | അനുവദിച്ചത് (അളവു പുസ്തകം - 93/18-19) | | അനുവദിക്കേണ്ടിയിരുന്നത് |
|---|---|---|---|
| Srface Dressing 10 X45 =450 M2 | 450m2 @ 8.83 = 3973. | | 3973 |
| Earth Work Excavation | 273 M3 @ 105.69 = 28853.37 | | 28853.37 |
| Planting Mulching Watering Preperation Of Basin | 2500 @27.1 = 67750 | | 2000@ 1.35 = 2700 |
| Maintenance<br>2500 X 180 = 450000 | 450000 @0.53 = 238500 | | 2000 X 180 = 36000 @0.53 = 190800 |
| മേൽപ്പറഞ്ഞ ഇനങ്ങൾക്ക് ക്ലിപ്തപ്പെടുത്തി നല്കിയത് | | 1224 @271 = 331704 | ആകെ 226326<br>(226326 /271 = 835.15 തൊഴിൽ ദിനങ്ങൾ) |
| Cost Of Coconut Seed | 2000 @21.50 = 43000 | | 43000 |
| Board | 3000 | | 3000 |
| ആകെ | 377704 | | 272326 |
| അധികം | | | 105378 |

മസ്റ്റർ റോൾ പ്രകാരമാണ് ഉക അനുവദിച്ചിരിക്കുന്നതെങ്കിലും ഉയർന്ന നിരക്ക് അനുവദിക്കുന്നത് വഴി കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കാനിടയാകുന്നത് അധികച്ചെലവിനിടയാകുന്നു. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കാനിടയായി.

താഴെപ്പറയുന്ന തെങ്ങിൻ തൈ നഴ്സറിക്കുള്ള എസ്റ്റിമേറ്റിൽ Planting Mulching Watering Preperation Of Basin For New Coconut Saplings (Each/day) എന്നതിന് 27.1/each നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത എസ്റ്റിമേറ്റിൽ ബേസിൻ നിർമ്മാണത്തിനുള്ള Earth Work Excavation , Maintenance Of Tree Saplings Including Watering ,Removing Weeds Applying Manure Etc എന്നീ ഇനങ്ങൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ Planting Mulching For New Tree Saplings (Each/day) Rate 1.35/each എന്ന ഇനമാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. 1000 തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് എസ്റ്റിമേറ്റിൽ Planting Mulching Watering Preperation Of Basin For New Coconut Saplings (Each/day) എന്ന ഇനം ഉൾപ്പെടുത്തുമ്പോൾ ആകെ വരുന്ന തൊഴിൽ ദിനങ്ങൾ 689.69 ഉം Planting Mulching For New Tree Saplings (Each/day) എന്ന ഇനം ഉൾപ്പെടുത്തുമ്പോൾ ആകെ വരുന്ന തൊഴിൽ ദിനങ്ങൾ 594.67ഉം ആണ് . അധികമായി വരുന്ന തൊഴിൽ ദിനങ്ങൾ 95.02 . എന്നാൽ എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കൂടുതലായും ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയും തൊഴിൽ ദിനങ്ങൾ കൂടുതൽ അനുവദിക്കാൻ ഇടയായി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഗ്രൂപ്പിന്റെ പേര് | ഉല്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളുടെ എണ്ണം | അനുവദിക്കാവുന്ന തൊഴിൽ ദിനങ്ങൾ | അനുവദിച്ചത് | അധികം |
|---|---|---|---|---|
| ചള്ളിഭാഗം തെങ്ങിൻതൈ നേഴ് സറി | 1000 | 594.67 | 712 @ 271 = 192592<br>(അളവു പുസ്തകം - 129/18-19) | 117.33 @271 = 31796 |
| കണ്ണാട്ട് ഭാഗം തെങ്ങിൻതൈ നേഴ് സറി | 1000 | 594.67 | 714 @ 271 = 193494<br>(അളവു പുസ്തകം - 131/18-19) | 119.33 @271 = 32338 |

മസ്റ്റർ റോൾ പ്രകാരമാണ് ഉക അനുവദിച്ചിരിക്കുന്നതെങ്കിലും ഉയർന്ന നിരക്ക് അനുവദിക്കുന്നത് വഴി കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കാനിടയാകുന്നത്

അധികച്ചെലവിനിടയാക്കുന്നു. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ഐശ്വര്യ ഗ്രൂപ്പിന് തെങ്ങിൻ തൈ നഴ്സറി - കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കാനിടയായി.

398207 /- രൂപ അടങ്കൽ വരുന്ന തെങ്ങിൻ തൈ നഴ്സറി നിർമ്മാണത്തിന് 2000 തെങ്ങിൻ തൈകൾ 240 ദിവസം കൊണ്ട് തയ്യാറാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന് 1251 തൊഴിൽ ദിനങ്ങളാണ് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിട്ടുള്ളത്. ഇതിൽ ടി പ്രവൃത്തിക്ക് 1243തൊഴിൽ ദിനങ്ങൾ വിനിയോഗിച്ചതിന് @271 നിരക്കിൽ 336853/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

മേൽ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റിൽ Planting Mulching Watering Preperation Of Basin For New Coconut Saplings (Each/day) എന്നതിന് 27.1/each നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത എസ്റ്റിമേറ്റിൽ ബേസിൻ നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ് കവേഷൻ , Maintenance Of Tree Saplings Including Watering ,Removing Weeds Applying Manure Etc എന്നീ ഇനങ്ങൾ ഉൾപ്പെട്ടിരിക്കുന്നതിനാൽ Planting Mulching For New Tree Saplings (Each/day) Rate 1.35/each എന്ന ഇനമാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്.

മേൽപ്പറഞ്ഞ അപാകതയുടെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്ക് ചെലവഴിക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | അനുവദിച്ചത് (അളവു പുസ്തകം - 136/18-19) | | അനുവദിക്കേണ്ടിയിരുന്നത് |
|---|---|---|---|
| Srface Dressing 10 X45 =450 M2 | 450m2 @ 8.83 = 3973. | | 3973 |
| Earth Work Excavation<br>60x 7x 1x 0.60 = 252 M3 | 252 M3 @ 105.69 = 26633.88 | | 26633.88 |
| Planting Mulching Watering Preperation Of Basin | 2000 @27.1 =54200 | | 2000@ 1.35 = 2700 |
| Maintenance<br>2000 X 240 = 480000 | 480000 @0.53 = 254400 | | 2000 X 240 = 480000 @0.53 = 254400 |
| മേൽപ്പറഞ്ഞ ഇനങ്ങൾക്ക് ക്ലിപ്തപ്പെടുത്തി നല്കിയത് | | 1243 @271 = 336853 | ആകെ 287706<br>(287706 /271 = 1061.65 തൊഴിൽ ദിനങ്ങൾ) |
| Cost Of Coconut Seed | 2000 @20 = 40000 | 40000 | 40000 |
| Board | 3000 | 3000 | 3000 |
| ആകെ | | 379853 | 330706 |
| അധികം | | | 49147 |

മസ്റ്റർ റോൾ പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നതെങ്കിലും ഉയർന്ന നിരക്ക് അനുവദിക്കുന്നത് വഴി കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കാനിടയാകുന്നത് അധികച്ചെലവിനിടയാക്കുന്നു. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 അറവുകാട് ഭാഗം തെങ്ങിൻതൈ നേഴ് സറി -കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കാനിടയായി.

442205 /- രൂപ അടങ്കൽ വരുന്ന തെങ്ങിൻ തൈ നഴ്സറി നിർമ്മാണത്തിന് 2165 തെങ്ങിൻ തൈകൾ 305 ദിവസം കൊണ്ട് തയ്യാറാക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന് 1546.88തൊഴിൽ ദിനങ്ങളാണ് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിട്ടുള്ളത്. ഇതിൽ ടി പ്രവൃത്തിക്ക് 1542തൊഴിൽ ദിനങ്ങൾ വിനിയോഗിച്ചതിന് @271 നിരക്കിൽ 417822/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ടി പ്രവൃത്തിയുടെ മസ്റ്റർ റോൾ പ്രകാരം പ്രവൃത്തി 03-10-2018 ൽ തുടങ്ങി 07-12-18 ൽ അവസാനിച്ചിരിക്കുന്നു. അതായത് 65 ദിവസം കൊണ്ട് 1542തൊഴിൽ ദിനങ്ങൾ വിനിയോഗിച്ചതിനാണ് @271 നിരക്കിൽ 417822/- രൂപ വിതരണം ചെയ്തിട്ടുള്ളത്. സാധാരണ ഗതിയിൽ വിത്ത് തേങ്ങ, മാറ്റി നടാൻ പാകത്തിന് തെങ്ങിൻ തൈ ആകുന്നതിന് 5 മാസമെങ്കിലും ആവശ്യമാണ്. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന നേഴ്സറിയുടെ ഫോട്ടോയിൽ നിന്നും ഇവ നടാൻ പാകത്തിനായിട്ടുണ്ടെന്ന് മനസിലാക്കാം. 65 ദിനങ്ങൾ കൊണ്ട് തന്നെ ഇവ നടാൻ പാകമാണ്. എങ്കിലും പരിപാലിക്കുന്നതിന് കറഞ്ഞത് 6 മാസമെന്ന് (കണ്ണംപറമ്പ് ഭാഗം തെങ്ങിൻ തൈ നഴ്സറിക്ക് അനുവദിച്ചത് 180 ദിവസം ) കണക്കാക്കിയാൽപ്പോലും 305 ദിവസം കണക്കാക്കി അനുവദിച്ച തൊഴിൽ ദിനങ്ങൾ അധികമാണ്. Maintenance Of Tree Saplings Including Watering ,Removing Weeds Applying Manure Etc എന്നീ ഇനത്തിന് അനുവദിക്കാവുന്ന തൊഴിൽദിനങ്ങൾ ചുവടെ കൊടുക്കുന്നു.

2165 X 180 = 389700 @0.53 = 206541 , തൊഴിൽദിനങ്ങൾ - 206541/271 = 762.14

അനുവദിച്ചത് - 2165x305 = 660325 @0.53 = 349972.25 ,തൊഴിൽദിനങ്ങൾ - 349972.25/271 = 1291.41 ((അളവു പുസ്തകം - 134/18-19)

അധികം -- 1291.41 – 762 .14= 529.27 @ 271 = 143432.17/-

മസ്റ്റർ റോൾ പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നതെങ്കിലും കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കാനിടയാകുന്നത് അധികച്ചെലവിനിടയാക്കുന്നു.

ടി പ്രവൃത്തിയിൽ വിത്ത് തേങ്ങയുടെ വില എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയോ നൽകിയതായോ കാണുന്നില്ല. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 കോവിഡ് പ്രതിരോധ പ്രവർത്തനം

ഗ്രാമ പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)2020 ഫെബ്രുവരി മാസം മുതൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു. സർക്കാർ നിർദ്ദേശാനുസരണം അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്ത് നിന്നും വരുന്നവർക്കായി ഗ്രാമ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ അർത്തുങ്കൽ സെന്റ് സെബാസ്റ്റ്യൻ ഹോസ്പിറ്റൽ കോമ്പൗണ്ടിലെ കെട്ടിടം ക്വാറന്റീൻ സെന്ററായി ഡി.ഡി.എം.എ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2020 മെയ്യ് മാസം ആരംഭിച്ചു.ഗ്രാമ പഞ്ചായത്ത് ജീവനക്കാർക്ക് ഡ്യൂട്ടി നൽകി കൊണ്ട് ആരോഗ്യ പ്രവർത്തകരുടെയും ശുചികരണത്തിനായി വേതന അടിസ്ഥാനത്തില് നിയമിച്ച രണ്ട് വ്യക്തികളുടെയും സഹകരണത്തോടെ 52 പേർക്ക് 14 ദിവസം വീതം ക്വാറന്റീൻ സൗകര്യം തയ്യാറാക്കി.ഇവർക്കുള്ള പ്രഭാത ഭക്ഷണവും ,രാത്രിയിലെ ഭക്ഷണവും,അടിസ്ഥാന സൗകര്യങ്ങളും ,ശുചികരണ തൊഴിലാളികൾക്കുള്ള വേതനവും ഗ്രാമ പഞ്ചായത്ത് നൽകി ഉച്ച ഭക്ഷണം കുടുബശ്രീ അടുക്കളയിൽ നിന്നും വാളൻറിയർമാർ /ജീവനക്കാർ എന്നിവരുടെ സഹായത്തോടെ നൽകി .ഡി.ഡി.എം.എ ൽ നിന്ന് കെട്ടിടത്തിന്റെ വാടകയും അനുബന്ധ ചെലവുകൾക്കുള്ള തുക അനുവദിച്ചു.ആർ.ചആർ.റ്റി കളുടെ സഹായത്തോടെ വീടുകളിലെ ക്വാറന്റീൻ സംവിധാനം ശക്തമാക്കി. ലോക്ക ഡൗൺ സമയത്ത് അതിഥി തൊഴിലാളികൾക്ക് ആവശ്യമായ ക്രമികരണങ്ങൾ പഞ്ചായത്ത ഏർപ്പെടുത്തി.ലോക്ക ഡൗൺ സമയത്ത സന്നദ്ധസംഘടനകളുടെയും സുമനസുകളുടെയും സഹകരണത്തോടെയും ,അഗതികൾക്കും ഭക്ഷണം വെച്ച് കഴിക്കാവൻ സാധിക്കാത്ത വ്യക്തികൾക്കും ഭക്ഷണം സമൂഹ അടുക്കള വഴി നൽകിയിരുന്നു.13/8/2020 മുതൽ 4/10/2020 വരെ ഡി.ഡി.എം.എ ൽ യുടെ നിർദ്ദേശാനുസരണം സി.എഫ്.എൽ.റ്റി.സി യിൽ പ്രവർത്തനം അർത്തുങ്കൽ ജി.ആർ.എഫ്.റ്റി.എച്ച്.എസ് ൽ നടത്തി.ആരോഗ്യ വകുപ്പ് ജീവനക്കാരുടെയും ശുചികരണ തൊഴിലാളുടെയും സഹകരണത്തോടെ ഗ്രാമ പഞ്ചായത്ത് ജീവനക്കാർ,ജന പ്രതിനിധികൾഎന്നിവരുടെ മേൽ നോട്ടത്തിൽ ആണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചത് .ഈ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിന് പ്രസിഡന്റ് ചെയർ പേഴ്സൺ ആയും ഗ്രാമ പഞ്ചായത്ത് നിയോഗിച്ച ഉദ്യോഗസ്ഥർ നോഡൽ ഓഫിസറായും പ്രവർത്തിക്കുന്ന ഒരു സി.എഫ്.എൽ.റ്റി.സി കമ്മറ്റി ഉണ്ടായിരുന്നു.നോഡൽ ഓഫിസർ ഉൾപ്പെടെയുള്ള മുഴുവൻ പഞ്ചായത്ത് ജീവനക്കാരും റൊട്ടേഷൻ അടിസ്ഥാനത്തിൽ 24 മണിക്കൂറും സി.എഫ്.എൽ.റ്റി. യിസി യിൽ താമസിച്ചാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത് .സി.എഫ്.എൽ.റ്റി.സി യിൽ 339 ഓളം പേർക്ക് ചീകിത്സ ലഭ്യമാക്കാൻ കഴിഞ്ഞു .എൻ.എച്ച്.എം വഴിയാണ് ആരോഗ്യ പ്രവർത്തകർക്ക് ശമ്പളം നൽകിയത് .കൂടാതെ തനത് ഫണ്ട്,പ്ലാൻ ഫണ്ട് എന്നിവ വഴി പ്രോജക്റ്റ് തയ്യാറാക്കി സെക്രട്ടറി,മെഡിക്കൽ ഓഫിസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായ സി.എഫ്.എൽ.റ്റി.സി യിൽ സർക്കാർ നിർദ്ദേശ പ്രകാരം തുക ചിലവഴിച്ചു.പഞ്ചായത്തിൽ കോവിഡ് ബാധിതരെ ആശുപത്രിയിൽഎത്തിക്കുന്നതിനും വീടുകൾ ശുചികരിക്കുന്നതിനും ,കോവിഡ് മൂലം മരണപ്പെട്ടവരുടെ മൃതദേഹം സംസ്കരിക്കുന്നതിനുമുള്ള ശുചികരണ സാധനങ്ങളും ,പി പി.ഇ .കിറ്റും,ആബുലൻസ് സൗകര്യവും പഞ്ചായത്തിൽ നിന്നും ജീവനക്കാർ /ആർ.ആർ.പിഅംഗങ്ങൾ /സന്നദ്ധപ്രവർത്തകർ എന്നിവരുടെ സഹായത്തോടെ രാത്രി എന്നോ പകൽ എന്നോ അവധി ദിനങ്ങൾ എന്നോ നോക്കാതെ 24 മണിക്കൂറും സേവനം നൽകി . ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് ജീവനക്കാർ/ബഹു.ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയ അധ്യാപകർ എന്നിവരുടെ മേൽ നോട്ടത്തിൽ വാർഡ് തലത്തിൽ ആർ.ആർ.ടി.യോഗങ്ങൾ എല്ലാ ആഴ്ചയിലും ചേരുകയും, കോവിഡ് മാനദണ്ഡങ്ങൾ കച്ചവട സ്ഥാപനങ്ങൾ ഉൾപ്പെടെ ഉള്ളവർ പാലിക്കുന്നതിനും, ക്വാറന്റയിൻ ലംഘനങ്ങൾ ഇല്ല എന്ന് ഉറപ്പ് വരുത്തുന്നതിനും പ്രതിദിനം വാർഡ് ആർ.ആർ.ടി യുമായി ചേർന്ന് ഫീൽഡ് തല പരിശോധന നടത്തിയിരുന്നു.തുടർന്ന് 2020 ലെ ഗ്രാമ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിനായി അടച്ചുകിടന്ന മുഴുവൻ സ്കൂളുകളും ശുചികരിച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 2020 നംവംബർ/ഡിസംബർ മാസങ്ങളിലായി തിരഞ്ഞെടുപ്പ് നടത്തി. ഇതിനായും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.തുടരന്ന് 2021ഏപ്രൽ/മെയ്യ് മാസങ്ങളിലും നിയമസഭ തെരഞ്ഞെടുപ്പിന് മുമ്പായി കോവിഡ് പ്രതിരോധത്തിന്റ ഭാഗമായി ശുചികരണ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്ത് നടത്തി .2021 മെയ്യ് മുതൽ ഡി.സി.സി പ്രവർത്തനം ചേർത്തല തെക്ക് ഗവൺമെന്റ് ഹയർ സെക്കന്ററി സൂളിൽ ആരംഭിച്ചു.24 മണിക്കൂർ ആബുലൻസ് സേവനം ലഭ്യമാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് ആബുലൻസ് 4 മാസത്തേക്ക് വാടകയ്ക്ക് എടുത്തു.മുഴുവൻ സമയ ഹെൽപ്പ്ഡെസ്കിന്റെ സഹായത്തോടെ രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും ചികിത്സ വേഗത്തിൽ സാധ്യമാക്കുന്നതിനും സാധിച്ചു.

2) പഞ്ചായത്ത് തലത്തിൽ പ്രത്യക പരിഗണന നല്കേണ്ടുന്നവരുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി എൻ.എസ്.എസ് വോളന്റിയർമാർ,അംഗൻവാടി ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തികൊണ്ട് ഹെൽപ്പ് ഡെസ്ക്ക് രൂപികരിച്ച് പ്രവർത്തിച്ചിരുന്നു. ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ തുക വിനിയോഗിച്ചിട്ടില്ല.

3) ഗുരുതര രോഗം ബാധിച്ചവരുടെ പരിചരണത്തിനായി (വൃക്ക രോഗ ബാധിതർ, അർബുദ രോഗികൾ) പൊതുവിഭാഗം വികസന ഫണ്ട്, റോഡിതര മെയിന്റൻസ് ഫണ്ട്, തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് മരുന്ന് വാങ്ങുന്നതിന് സുലേഖവഴി പദ്ധതികൾ ആവിഷ്കരിച്ചിരുന്നില്ല.

4) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തല മോണിറ്ററിംഗ് സമിതി എല്ലാ ശനി ആഴ്ചകളിലും യോഗങ്ങൾ ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ ഇടപെടലുകൾ നടത്തിയിരുന്നു. ആയതിന്റെ പ്രവർത്തനം തൃപ്തികരമാണ്.

5) എഫ്.എൽ ടി.സി പഞ്ചായത്ത് തലത്തിൽ രൂപികരിച്ചിരുന്നു.അടിസ്ഥാന സൗകര്യങ്ങൾ ജി.ആർ.എഫ്.ടി.എച്ച്.എസ് അർത്തുങ്കലിൽ ഒരുക്കി.പ്രസിഡന്റിനെ ചെയർപേഴ്സൺ ആയി തിരഞ്ഞെടുത്തു.പഞ്ചായത്ത് പ്ലാൻ ഫണ്ട് /ഡി.ഡി.എം.എ ഫണ്ട് വഴി സാധനങ്ങൾ കൺസ്യൂമർഫെഡിൽ നിന്നും വാങ്ങുകയും.എഫ്.എൽ.റ്റി.സി പ്രവർത്തനങ്ങൾക്ക് ശേഷം ആലപ്പുഴ ഡി.ഡി.എം.എ യിൽ നിന്നുള്ള നിർദ്ദേശാനുസരണം ഉപയോഗ്യമായ എല്ലാ വസ്തുക്കളും ആര്യാട് ബ്ലോക്കിന്റെ കിഴിലുള്ള ഡി.സി മില്സ് സി.എഫ്.എൽ.റ്റി.സി യിലേക്ക് കൈമാറിയിട്ടുണ്ട്. ഡോണെഷൻ ആയും സിപോൺസർഷിപ്പ് ആയും യാതൊന്നും സി.എഫ്.എൽ.റ്റി.സി യിൽ ലഭിച്ചിട്ടില്ല.

6) സാമൂഹ്യ അടുക്കള വഴി സ്പോൺസർഷിപ്പ് മുഖാന്തരം ഭക്ഷണം നൽകിയിരുന്നു. എസ്.ഡി.ആർ.എഫ്. ഫണ്ട് വിനിയോഗിച്ചിട്ടില്ല.

7) സംഭാവനയിനത്തിൽ ലഭിക്കുന്ന തുക നാഷണലൈസ്ഡ് ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിച്ച് തുക അതിൽ നിക്ഷേപിച്ചിട്ടുണ്ട്.

8) 2021-ലെ രണ്ടാം തരംഗത്തിൽ സർക്കാർ നിർദ്ദേശാനുസരണം വാർഡ് തലത്തിൽ ഉള്ള പ്രവർത്തനങ്ങൾക്കായി പി.എച്ച്.സി മുഖാന്തിരം പൾസ് ഓക്സീ മീറ്റർ നൽകിയിരുന്നു.

9) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റികൾ ഓൺലൈനായി നിയമ പ്രകാരമുള്ള ഇടവേളകളിൽ സമ്മേളിച്ചിട്ടുണ്ട്.

10) പ്രവാസികളുടെ തിരിച്ചുവരവിൽ ക്വാറന്റൈൻ സൗകര്യം ഏർപ്പെടുത്തിയതിനുള്ള ചെലവുകൾ പ്രത്യേകമായി ഡി.ഡി.എം.എ യ്ക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത തുക സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് ലഭ്യമായിട്ടുമുണ്ട്.

11) ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

12) നിലവിൽ പഞ്ചായത്തിൽ കോവിഡ് ബാധിച്ചവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കോവിഡ് ബാധിച്ചവരുടെ എണ്ണം - 11146

കോവിഡ് ബാധിച്ച് മരിച്ചവരുടെ എണ്ണം - 96

14. ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യ, 18 വയസ്സിന് താഴെ, 18- 45, 45ന് മുകളിൽ എന്നിങ്ങനെ തരം തിരിച്ച വിവരങ്ങൾ , ഓരോ പ്രായ പരിധിയിലും പെടുന്ന ആളുകളിൽ നാളിതുവരെ ഒന്നാം ഡോസ്, രണ്ടാം ഡോസ് വാക്സിൻ സ്വീകരിച്ചിട്ടുള്ളവരുടെ എണ്ണം എന്നിവയും, കൂടാതെ കോവിഡ് രോഗകാരണമായി മരണപ്പെട്ടവരുടെ എണ്ണം എന്നിവയുടെയും വിവരം ചുവടെ കൊടുക്കുന്നു.

ആകെ ജനസംഖ്യ - 52126

18 വയസ്സിന് താഴെ - 17830

18-45 വയസ്സിന് മുകളിൽ - 34296

ഫസ്റ്റ് ഡോസ് വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം

18 വയസ്സിന് മുകളിൽ - 31987

18 വയസ്സിന് താഴെ - 2276

സെക്കന്റ് ഡോസ് വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം - 29363

കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ എണ്ണം - 96

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തനത് ഫണ്ട് അക്കൗണ്ടിൽ ചെക്ക്/ഡിഡി പ്രകാരം വന്ന വരവ് ക്രഡിറ്റ് ചെയ്തിട്ടില്ല - 13184 രൂപ യുടെ നഷ്ടം

2019 മുതൽ 2021 വരെയുള്ള ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിൽ നിന്നും രസീത് നൽകി സ്വീകരിച്ചതും എന്നാൽ ബാങ്കിൽ നൽകിയിട്ടും തുക ക്രഡിറ്റ് ചെയ്യാഞ്ഞതുമായ ചെക്കിന്റെ വിവരം ചുവടെ ചേർക്കുന്നു. വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിലേക്ക് വരവ് വന്ന തുകയാണ് ചുവടെചേർത്തിരിക്കുന്ന ചെക്കിൽ ഉൾപ്പെട്ടിട്ടുള്ളത്. 21/427 കെട്ടിട നം ആയ റിലയൻസ് ഇൻഫ്രാ ലിമിറ്റഡ് ടവറിന്റെ വസ്തുനികുതി ഇനത്തിൽ വരവ് വന്ന തുകയാണിത്.

| ക്രമ നം | ബാങ്കിൽ നൽകി ക്രഡിറ്റ് ആക്കാത്ത ചെക്ക്, ഡി.ഡി നമ്പർ/ തീയതി | തുക | ഇനവിവരം |
|---|---|---|---|
| 1 | 311892/16.03.21 | 13184 | മാനേജർ റിലയൻസ് ടവ്വർ വസ്തുനികുതി |

മേൽ ചെക്ക് തനത് ഫണ്ട് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ രേഖാ മൂലം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.7/11.2.22 ) ലഭ്യമാക്കിയ മറുപടിയിൽ 27.03.2021 ൽ 1200102746 / 16.03.21നം. രസീത് പ്രകാരം, ചെക്ക് പ്രകാരം വരവ് വന്ന തുക സഞ്ചയയിൽ പോസ്റ്റിംഗ് ചെയ്തിട്ടുള്ളതാണെന്നും തുടർന്ന് ബാങ്കിൽ സബ്മിറ്റ് ചെയ്തെങ്കിലും ബാങ്കിൽ നിന്നും ഡി.ഡി റിജക്ട് ചെയ്യുകയുണ്ടായെന്നും കോവിഡിനെ തുടർന്ന് ബാങ്കിൽ നിന്ന് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം മൂലം 7/21 ൽ മാത്രമാണ് പ്രസ്തുത വിവരം അറിഞ്ഞതെന്നും തുടർന്ന് നികുതി ഒടുക്കാൻ ആവശ്യപ്പെട്ട് സ്ഥാപനത്തിന് കത്ത് നൽകിയെന്നും അറിയിച്ചു. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ടവറിന്റെ 19-20 വർഷത്തെ വസ്തുനികുതി ഒടുക്കിയതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ഡി.ഡി ക്രഡിറ്റ് ആകാത്തതിനെ തുടർന്ന് പ്രസ്തുത തുക അരിയർ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല .ആകയാൽ വരവായി രേഖപ്പെടുത്തിയെങ്കിലും നാളിതുവരെയും നികുതി ഒടുക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ വസ്തു നികുതി ഇനത്തിൽ സ്ഥാപനം ഒടുക്കേണ്ട 13184/- രൂപയും നാളിതുവരെയുള്ള പലിശയും ചേർത്തുള്ള തുക സ്ഥാപനത്തിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സോളിഡ് ബ്ലോക്ക് മേസനറിക്ക് ഉയർന്ന നിരക്ക് അനുവദിച്ചു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഷാഹുൽ ഹമീദ് സാംസ്കാരിക നിലയത്തിന് ചുറ്റുമതിലും ഗേറ്റും നിർമ്മാണം |
| അടങ്കൽ | 4ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | സെബാസ്റ്റ്യൻ |
| ക്വോട്ടുചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| അളവ് പുസ്തകം | 84/18-19 |

| | |
|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 1373678 |
| ചെലവ് വിവരം | ബിൽ നമ്പർ8/04-06-19 രൂപ 373678/- |

എ) ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം സ്പെസിഫിക്കേഷൻ കോഡ് 50.6.2.3 പ്രകാരമുള്ള Solid Block Masonary Of Size 30x20x15cm For Superstructure Above Floor Two Level Up To Floor Five Level Thickness 15cm In Cm 1:6 എന്നതിനുള്ള 6966.73/m3 നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തത്. ചുറ്റുമതിൽ നിർമ്മാണമായതിനാൽ ഭിത്തി നിർമ്മാണത്തിനുള്ള സോളിഡ് ബ്ലോക്ക് മേസനറി എന്ന ഇനം സ്പെസിഫിക്കേഷൻ കോഡ് 50.6.2.2 പ്രകാരമുള്ള Solid Block Masonaof Size 30x20x15 For Superstructure Up To Floor Two Level Thickness 15cm And Above In Cm 1:6 എന്നതിനുള്ള 6218.57/m3 നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ട നിരക്ക് | 6218.57/m3 |
| അനുവദിക്കേണ്ട നിരക്ക് | 6218.57/m3 |
| അനുവദിച്ച തുക | 17.426m3 @6966.73 = 121402/- |
| അനുവദനീയമായ തുക | 17.426 M3 @6218.57 = 108365 |
| അധികം നൽകിയത് | 13037 |

അധികം നൽകാനിടയായ തുക (13037)കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്

ബി) മേൽ പ്രവൃത്തിയിൽ ബെൽറ്റ് നിർമ്മിക്കുന്നതിന് അനുവദിച്ചിരിക്കുന്ന Centering & Shuttering എന്ന ഇനത്തിന്റെ ഉയരം 0.15 മീറ്ററാണ്. എന്നാൽ ബെൽറ്റ് നിർമ്മിച്ചിരിക്കുന്നത് 0.10 മീറ്റർ കനത്തിലാണ്. അതിനാൽ Centering & Shuttering എന്ന ഇനത്തിന് അനുവദിക്കാവുന്ന ഉയരം 0.10 മീറ്ററാണ്. തെറ്റായി അളവ് രേഖപ്പെടുത്തിയതിനാൽ അധികം നൽകാനിടയായി.വിശദാംശം ചുവടെ കൊടുക്കുന്നു.

| അനുവദിച്ച അളവും തുകയും | അനുവദനീയമായ അളവും തുകയും |
|---|---|
| 1x 67.55 X0.15 = 10.13m2 | 1x 67.55 X0.10 = 6.755 M2 |
| 1x 65.75 X 0.15 = 9.86 M2 | 1x 65.75 X 0.15 = 6.575m2 |
| ആകെ ---- 19.9m2 | ആകെ ---- 13.330m2 |
| നൽകിയ തുക - 19.35 M2 @531.15 = 10278/- | നൽകേണ്ട തുക - 13.330 @531.15 = 7080/- |
| അധികം നൽകിയത് | 10278 - 7080 =3198 |

അധികം നൽകാനിടയായ തുക (3198)കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ പ്രവൃത്തിയുടെ 2-ാം ഇനം Random Rubble Masonary With Hard Stone In Foundation And Plinth Including Levelling Up With Cement Concrete 1:6:12 എന്ന ഇനമാണ്. ഇത് 14.85m3 ചെയ്തതിന് 6143.10/m3 നിരക്കിൽ 91225/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഈയിനത്തിന് മേൽ RCC ബെൽറ്റ് നിർമ്മിച്ചിരിക്കുന്നതിനാൽ 1:6:12 Cement Concrete ഉപയോഗിച്ചുള്ള ലെവലിംഗ് കോഴ്സ് ആവശ്യമില്ല. അനുവദിക്കാവുന്ന നിരക്ക് 6000.85/m3 [ 6143.10 - 142.25 (1:6:12 Cement Concrete )] ആണ്.

അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അനുവദിച്ചത് | 14.85 M3 @6143.10 = 91225 |
| അനുവദനീയം | 14.85 M3 @ 6000.85 = 89113 |
| അധികം | 91225 - 89113 = 2112/- |

അധികം നൽകാനിടയായ തുക (2112)കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

അധികം നൽകാനിടയായ ആകെ തുക - 13037 + 3198 + 2112 = 18347/-കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/14-02-12 ന് മറുപടി ലഭ്യമാക്കിയില്ല.

## 3-2 തൊഴിലുറപ്പപദ്ധതി-ആദായ നികുതി ,GST എന്നിവ ശ്രോതസിൽ നിന്നും ഈടാക്കിയില്ല

1) ആദായ നികുതി ശ്രോതസിൽ നിന്നും ഈടാക്കിയില്ല

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 1%ആദായ നികുതി (ആദായ നികുതി നിയമം 194 C ) ഈടാക്കിയില്ല . വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി (ഫൈനൽ പേമെന്റ് ) |
|---|---|---|---|---|---|
| 1 | സോണിയ മിൽ തെക്കേക്കര റോഡ് | സതീഷ്കുമാർ .എം | 290570 | 2906 | 04-01-20 |
| 2 | ആയിരം തൈ ബീച്ച് കോൺവെന്റ് റോഡ് | ആന്റണി | 213397 | 2134 | 04-01-20 |
| 3 | ആശാരിപറമ്പ് - കടവിൽ റോഡ് | ഖാദിൽക്കർ | 117524 | 1175 | 04-01-20 |
| 4 | വളാകന്നത്തു വെളി - തിരുവിഴ റെയിൽവേ സ്റ്റേഷൻ റോഡ് | രജീഷ് | 95650 | 956 | 02-07-19 |
| 5 | പൂണത്ത് - ഐ.റ്റി.സി റോഡ് | സതീഷ്കുമാർ .എം | 327575 | 3276 | 02-07-19 |

| | | | | | |
|---|---|---|---|---|---|
| 6 | മേച്ചേരി – തയ്യിൽ റോഡ് | ആന്റണി | 328185 | 3282 | 02-07-19 |
| 7 | തോമസ് കുട്ടി വൈദ്യർ – അർത്തുങ്കൽ പള്ളി റോഡ് | ആന്റണി | 319069 | 3191 | 02-07-19 |
| 8 | അർത്തുങ്കൽ പോലീസ് സ്റ്റേഷൻ അംഗൻവായി നം 49 റോഡ് | ആന്റണി | 206074 | 2061 | 05-03-20 |
| | ആകെ | | | 18981 | |

2. GST ശ്രോതസിൽ നിന്നം ഈടാക്കിയില്ല

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് ഉക അനവദിച്ചപ്പോൾ CGST Act 2017ലെ വകുപ്പ് 51 (1) , SGST Act 2017ലെ വകുപ്പ് 51(1)എന്നിവ അനസരിച്ച് 2.50 ലക്ഷത്തിൽ അധികരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നം സ്രോതസ്സിൽ നിന്നം 2% ഉക GST ഇനത്തിൽ കുറവു ചെയ്യേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ നിന്നം GST ഈടാക്കിയില്ല . വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | സാധന വിലയിനത്തിൽ അനവദിച്ച ഉക | കരാറുകാരൻ | ഈടാക്കേണ്ട GST (2%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | സോണിയ മിൽ തെക്കേക്കര റോഡ് | 290570 | സതീഷ്കുമാർ .എം | 5811 | 04-01-20 |

നികുതികൾ കുറവു ചെയ്യാതെ ഉക അനവദിച്ചതിനാൽ കാരാറുകാർക്ക് 24792(18981+5811) രൂപ അധികം നൽകാനിടയായി.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം(24/15.2.22) ന് കരാറുകാരിൽ നിന്നം ഉക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഉക ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ഉക ലഭിച്ച വർഷം | ലഭിച്ച ഉക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 19-20 | | 89/20 നെൽകൃഷി വികസനം | 435930 | 0 |
| | | | 92/20 പച്ചക്കറി കൃഷി വികസനം | 113540 | 0 |
| | | | 26/20 പാലിയേറ്റീവ് | 126108 | 0 |
| | | | 10/20 ലൈഫ് ഭവന പദ്ധതി | 2639388 | 0 |
| | | | 111/20 ലൈഫ് ഭവന പദ്ധതി | 160000 | 243920 |
| | | | 138/20ലൈഫ് ഭവന പദ്ധതി | 200000 | 0 |
| | | | 27/20 സ്കോളർഷിപ്പ് | 400000 | 0 |
| | | | 11/20 പാലിന് സബ്സിഡി | 600000 | 0 |
| | | | പാനമുറി | 200000 | |
| ജില്ലാ പഞ്ചായത്ത് | 19-20 | | 24/20 അനപൂരക പോഷകാഹാരം | 100000 | |
| | 2019-20 | | 27/20 സ്കോളർഷിപ്പ് | 400000 | |
| | 2018-19 | 341095 | അംഗനവാടി നിർമ്മാണം | 0 | 341095 |
| | 2018-19 | | 170 /20 അംഗനവാടി നിർമ്മാണം | 378041 | 0 |
| | 2018-19 | | 171 /20 അംഗനവാടി നിർമ്മാണം | 274502 | |
| | 2018-19 | | 172/20 അംഗനവാടി നിർമ്മാണം | 580000 | |
| | 2018-19 | 580000 | 173/20 അംഗനവാടി നിർമ്മാണം | 571762 | 8238 |
| | 2019-20 | | 11/20 പാലിന് സബ്സിഡി | 650000 | 0 |
| | 2018-19 | | 182/20 ലൈഫ് ഭവന പദ്ധതി | 4832 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4650863/- രൂപ വരവുണ്ട്.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 63520000 | 58869137 | 0 | ० | 63520000 |

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 26111/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി. |
|---|---|---|---|---|
| 2017-18 | 2(2) | 2500 | ദേവനാരായണൻ | 119190103186/07.03.20 |
| 2001-02 | 2(12) | 11,111 | തഹസിൽദാർ ( ആർ ആർ) | 119190400007/13.02.20 |
| 2017-18 | 2(1) | 4500 | സെക്രട്ടറി | 119190103315/11.03.20 |
| 2017-18 | 2(2) | 8000 | സെക്രട്ടറി | 119190103445 |
| ആകെ | | 26111 /- | | |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2000-01 | 2-5 | 2003-04 | ഉഴവ് യന്ത്രം വാടക സംബന്ധിച്ച് | 31.01.2015 ലെ A1-766 3/14 നം കത്ത് പ്രകാരം ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ് |
| 2000-01 | 8 | 2003-04 | പമ്പ് സെറ്റ് വിതരണം സംബന്ധിച്ച് | |
| 2000-01 | 4-7 | 2003-04 | കുഴൽ കിണർ | |
| 2000-01 | 3-3 | 2003-04 | വനിതകളുടെ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് | |
| 2000-01 | 2-8 | 2003-04 | വോട്ടർ പട്ടിക തയ്യാറാക്കിയത് അധിക ചെലവ് | |

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112058073 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 139241960 |
| വരവിനങ്ങളിലുള്ള നഷ്ടം | 13184 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18347 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3855210 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |

| | | | |
|---|---|---|---|
| 3-1 | | 18347 | ശ്രീമതി. പ്രസീജ . ആർ , അസിസ്റ്റന്റ് എഞ്ചിനിയർ |
| 2-1 | 13184 | | ഷാജി എസ് ഷാജിഭവൻ മരുത്തോർവട്ടം പി ഒ ചേർത്തല |
| ആകെ | 13184 | 18347 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക

| ഖണ്ഡിക നമ്പർ | ഇക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 3386460 | അജയകമാർ .പി ,സെക്രട്ടറി |
| 1-29 | 468750 | ഡോ. സ്മിത . ജെ അഗസ്റ്റിൻ |
| ആകെ | 3855210 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം 3-2 രൂപ 24792/-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജയകമാർ .പി ,സെക്രട്ടറി | സെക്രട്ടറി , മലയാറ്റൂർ ഗ്രാമപഞ്ചായത്ത് | ശ്രീശങ്കരം പുന്നപ്ര പി.ഒ ആലപ്പുഴ |
| ഡോ. സ്മിത . ജെ അഗസ്റ്റിൻ വെറ്റി.സർജൻ | വെറ്റിനറി സർജ്ജൻ ചേർത്തല തെക്ക് | തോപ്പിൽ പറമ്പിൽ ഹൌസ് അരൂർ പി ഒ ആലപ്പുഴ |
| ശ്രീമതി. പ്രസീജ . ആർ , അസിസ്റ്റന്റ് എഞ്ചിനിയർ | അസി.എഞ്ചിനീയർ പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | വസുമതിയമ്മ മെമ്മോറിയൽ ബിൽഡിംഗ് നെടുമ്പ്രക്കാട് എൽ പി എസ് സമീപം ചേർത്തല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 & 2003-04 | എൽ.എഫ്.ജി.എ5-1832/11/20.1.12 |
| 2004-05 & 2005-06 | എൽ.എഫ്.ജി.എ5-161/13/9.9.13 |
| 2006-07 | കെ.എസ്.എ-എ.എൽ.പി/പി13-1612/18 തീയതി, 12.02.2019 |
| 2007-08 | എൽ.എഫ്.എ.പി5-1293/10/19.3.13 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി5-1661/13/12.3.14 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി5-986/14/11.9.14 |
| 2012-13 | കെ.എസ്.എ-എ.എൽ.പി/പി5-176/15 തീയതി, 23.09.2015 |

| | |
|---|---|
| 2013-14 | കെ.എസ്.എ-എ.എൽ.പി/പി5-411/2016 തീയതി, 29.04.2016 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി13-773/16 തീയതി, 28.03.2017 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി13-1309/16 തീയതി, 25.09.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി.13/653/17 തീയതി, 16.02.2018 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി.13/38/2019 തീയതി, 19.06.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി.12/264/2020 തീയതി, 12.03.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്